# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി2-1009/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 05/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി2-1009/2023 തീയ്യതി: 05/12/2023

## വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 01-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അഖില മോഹൻ - കെ.എ.എസ്സ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 31-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 31-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സക്കീർ ഹുസൈൻ. പി , ഓഡിറ്റ് ഓഫീസർ

ശ്രീ. നവാസ്. കെ.എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഇന്ദു പി നായർ , സീനീയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അനിൽ ജോസ് ഡോമനിക്ക് , ഓഡിറ്റർ

ശ്രീ. അർജ്ജുൻ കെ മാത്യു , സീനീയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. പി. ബാലൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സിബി വർഗീസ് | സെക്രട്ടറി | 01-04-2022 | 02-11-2022 |
| ശ്രീ. സാജു പീറ്റർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-11-2022 | 23-11-2022 |
| ശ്രീ. സുരേഷ് ബാബു | സെക്രട്ടറി | 24-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ. രേഖ . ടി | കൃഷി ഓഫീസർ | 01-04-2022 | 10-10-2022 |
| ശ്രീ. ചിത്ര. എ.ആർ | കൃഷി ഓഫീസർ | 11-10-2022 | 25-12-2022 |
| ശ്രീ. അമൽ വിജയ് | കൃഷി ഓഫീസർ | 26-12-2022 | 02-02-2023 |
| ശ്രീ. ജയരാജൻ. എം | കൃഷി ഓഫീസർ | 03-02-2023 | 31-03-2023 |
| ഡോ. കിഷോർ | മെഡിക്കൽ ഓഫീസർ - പി.എച്ച്. സി | 01-04-2022 | 31-03-2023 |
| ശ്രീ. റെജി തോമസ്സ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രസിൻ. ബി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-07-2022 |
| ശ്രീ. മുഹമ്മദ് നബീദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ശ്രീ. സാജു പീറ്റർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. സരിത. എസ്. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ജിതിൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുനിൽ കുമാർ | വി. ഇ. ഓ | 01-04-2022 | 31-03-2023 |
| ശ്രീമതി.മേരികുട്ടി | ഐ.സി.ഡി.എസ്സ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ഡോ. ജവാദ് | വെറ്റിനറി സർജൻ | 01-04-2022 | 16-06-2022 |
| ഡോ.മുഹമ്മദ് ഫൈസൽ | വെറ്റിനറി സർജൻ | 17-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | എല്ലാ ജേണൽ വൗച്ചറുകളെയും സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-5 |
| 7 | വാർഷിക കണക്കിലെ തുകകളും അതത് രജിസ്റ്ററുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം വിവരം( ACR പ്രകാരമുള്ളത്.) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കുന്നു. | 1-10 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 1-11 |
| 18 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-12 |
| 19 | കോടതി വ്യവഹാരം മൂലമുള്ള വാടകക്കുടിശ്ശിക സംബന്ധിച്ച് | 1-13 |
| 20 | ആർട്കോ മുഖേന പ്രോജക്ട് നിർവഹണം - അപാകതകൾ | 1-14 |
| 21 | ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതിയിൽ മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല | 1-15 |
| 22 | ലൈഫ് ഭവന പദ്ധതി വീട് നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-16 |
| 23 | ഉന്നതപഠിതാക്കൾക്ക് ലാപ് ടോപ്പ് -ബാഗ് നൽകിയില്ല | 1-17 |
| 24 | ടാക്സ് ഓഡിറ്റ് | 1-18 |
| 25 | ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച് | 1-18-1 |
| 26 | സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്. | 1-18-2 |
| 27 | വരുമാന ഇനങ്ങളുടെ ബഡ്ജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം സംബന്ധിച്ച് | 1-18-3 |
| 28 | നികുതി പിരിവ് അവലോകനം | 1-18-4 |
| 29 | വസ്തു നികുതി പരിഷ്കരണം-തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-18-5 |
| 30 | കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കൽ, നികുതി നികുതിയേതര വരവുകളുടെ അവലോകനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-18-6 |
| 31 | സഞ്ചയ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവുമുള്ള വസ്തുനികുതി വരവ് വ്യത്യസ്തമാണ്. | 1-18-7 |
| 32 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല. | 1-18-8 |
| 33 | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ മേഖലകൾ രേഖപ്പെടുത്തുന്നതിൽ പിഴവുകൾ സംഭവിക്കുന്നു. | 1-18-9 |
| 34 | വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിട നമ്പർ നമ്പർ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണയം നടത്തുന്നത് സംബന്ധിച്ച്. | 1-18-10 |

| | | |
|---|---|---|
| 35 | ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തുന്നില്ല. | 1-18-11 |
| 36 | പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിൽ അപാകതകൾ സംഭവിക്കുന്നു. | 1-18-12 |
| 37 | ടവറുകളുടെ നികുതി നിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല. | 1-18-12 |
| 38 | റസീപ്റ്റ് ക്യാൻസലേഷനിലെ അപാകതകൾ സംബന്ധിച്ച് | 1-18-13 |
| 39 | തൊഴിൽ നികുതി,ലൈസൻസ് എന്നിവയുടെ ഡിമാന്റ് പൂർണമല്ല. | 1-18-14 |
| 40 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ. | 1-18-15 |
| 41 | തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല. | 1-18-16 |
| 42 | ഗ്രാമപഞ്ചായത്ത് പരിധിയിലെ ടർഫ് കോർട്ട്,ഇൻഡോർ ക്ലബ്ബ് മുതലായവയിൽ നിന്നും ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച്. | 1-18-17 |
| 43 | നിലാവ് പദ്ധതി - സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതി പൂർത്തിയായില്ല | 1-19 |
| 44 | തണൽ ഭവന വായ്പ തിരിച്ചടവ് - പിഴ പലിശ ഉൾപ്പെടുന്നു | 1-20 |
| 45 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല | 1-21 |
| 46 | അതിദരിദ്രർക്ക് ഭക്ഷണകിറ്റ് വിതരണം പദ്ധതി- | 1-22 |
| 47 | പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ | 1-23 |
| 48 | ചേരാൽ സ്കൂൾ കുന്ന് കടിവെള്ള പദ്ധതി - പൂർത്തിയായില്ല | 1-24 |
| 49 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ടസ്സ് വർക്കിന്റെ നിരക്ക് നൽകി | 1-25 |
| 50 | ബോട്ടിൽ ബൂത്ത് നിർമാണം അധിക നിരക്ക് നൽകി :- | 1-26 |
| 51 | മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ -എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു. | 1-27 |
| 52 | തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ - എർത്ത് വർക്കിന് അധിക നിരക്ക് നൽകി. | 1-28 |
| 53 | ഗേറ്റ് നിർമാണം - അധിക നിരക്ക് നൽകി | 1-29 |
| 54 | ടോപ്പ് ബെൽറ്റ് കോൺക്രീറ്റിന് അധിക നിരക്ക് നൽകുന്നു. | 1-30 |
| | **ഭാഗം 2** | |
| 1 | പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കുന്നു. | 2-1 |
| | **ഭാഗം 3** | |
| 1 | ആർട്കോ മുഖേന പ്രോജക്ട് നിർവഹണം - അപാകതകൾ | 3-1 |
| 2 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ടസ്സ് വർക്കിന്റെ നിരക്ക് നൽകി | 3-2 |
| 3 | ബോട്ടിൽ ബൂത്ത് നിർമാണം അധിക നിരക്ക് നൽകി :- | 3-3 |
| 4 | മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ -എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു. | 3-4 |
| 5 | തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ - എർത്ത് വർക്കിന് അധിക നിരക്ക് നൽകി. | 3-5 |
| 6 | ഗേറ്റ് നിർമാണം - അധിക നിരക്ക് നൽകി | 3-6 |
| 7 | ടോപ്പ് ബെൽറ്റ് കോൺക്രീറ്റിന് അധിക നിരക്ക് നൽകുന്നു. | 3-7 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 4 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 5 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-5 |
| 6 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |

| | | |
|---|---|---|
| 8 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം –1

## പൊതു അവലോകനം

## 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 23.06.2023 ലെ 2/1 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിന്റെ 2022 – 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ ഒപ്പ്

കൽപ്പറ്റ
തീയതി : 05.12.2023

### 1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ,2011 , ചട്ടം 62 (എഫ്)).

### 1–1–2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി1 ഷെഡ്യൂൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

### 1–1–3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുക Net Cash Generated By Operating+investing+Financing Activity (A+B+C) യുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-4 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല.ടെണ്ടർ ഫോം രജിസ്റ്റർ, ലേല രജിസ്റ്റർ, സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-1-5 എല്ലാ ജേണൽ വൗച്ചറുകളെയും സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

എല്ലാ ജേണൽ വൗച്ചറുകളെയും സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.
ഉദാ.വസ്തുനികുതി – Prior Period Income

## 1-1-6 വാർഷിക കണക്കിലെ തുകകളും അതത് രജിസ്റ്ററുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയിൽ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബഡ്ജറ്റ് 25.03.2022 ലെ 2/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17.03.2023 തീയതിയിലെ 02/45/23 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് ,റിവൈസ്ഡ് ബഡ്ജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ഇപ്രകാരമാണ്.

| | ബഡ്ജറ്റ് പ്രകാരം | റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 14000000 | 13659985 |
| വരവ് | 535212000 | 331445139 |
| ആകെ | 549212000 | 345105124 |
| ചെലവ് | 544577400 | 331105124 |
| നീക്കിയിരിപ്പ് | 4634600 | 14000000 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36397350.5 |
| വരവ് | 60389119 |
| ആകെ | 96786469.5 |
| ചെലവ് | 59385386 |
| നീക്കിയിരിപ്പ് | 37401083.5 |

## 1-4 ഫണ്ട് വിനിയോഗം വിവരം( ACR പ്രകാരമുള്ളത്.)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 19456118 | 19456118 | 19147667 | 308451 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7842106 | 7842106 | 7139586 | 702520 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 23586999 | 23586999 | 20571117 | 3015882 |
| മെയിന്റനൻസ് റോഡ് | 0 | 19639650 | 19639650 | 16623308 | 3016342 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10274000 | 10274000 | 8505189 | 1768811 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIDE) | 8493690 | 16602833 | 25096523 | 4754091 | 20342432 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(BASIC) | 5500920 | 9384424 | 14885344 | 8169293 | 671605 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ , നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 506342254 | 206 | 98186926 | 0 | 82 | 71.52 |

| ക്രമനമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 05 | 03 | 6830000 | 3756563 | 55 |
| 2 | വെറ്റിനറി സർജൻ | 07 | 07 | 7963030 | 3658230 | 45.94 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 11 | 10 | 4146235 | 3168209 | 76.4 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 420000 | 420000 | 100 |
| 5 | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 320000 | 260000 | 81.25 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 09 | 383107089 | 23607353 | 6.16 |
| 7 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11 | 10 | 11290200 | 6835026 | 60.53 |
| 8 | ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 1269000 | 1269000 | 100 |
| 9 | സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് | 46 | 36 | 33120739 | 22609126 | 68.2 |
| 10 | ഹെഡ്മാസ്റ്റർ | 9 | 9 | 5382690 | 2763025 | 51.3 |
| 11 | അസി.എഞ്ചിനീയർ | 175 | 110 | 49715334 | 27623402 | 55.56 |
| 12 | അസി.സെക്രട്ടറി | 8 | 8 | 2777937 | 2216992 | 79.8 |
| | | 288 | 206 | 506342254 | 98186926 | |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10930 | 3045190 | 3056120 | 3045190 | 10930 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 41715423 | 41715423 | 41715423 | - |
| മെറ്റീരിയൽസ് | - | 12306276 | 12306276 | 8452669 | 3853607 |

എന്നാൽ വാർഷിക കണക്കിൽ ക്ളോസിങ്ങ് ബാലൻസ് 15735 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5828000 | 522 |
| വിധവാ പെൻഷൻ | 11417600 | 1081 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 18862400 | 1883 |
| വികലാംഗപെൻഷൻ | 3838000 | 361 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| 50 വയസ്സായ അവിവാഹിതർക്കുള്ള പെൻഷൻ | 121600 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/10/2023 തീയതിയിൽ 03.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13338/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

-ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിലും രജിസ്റ്ററുകളും രേഖകളും എഴുതിസൂക്ഷിക്കുന്നതിലും പദ്ധതിനടത്തിപ്പ് കൃത്യമായ ഇടവേളകളിൽ മോണിട്ടറിംഗ് നടത്തുന്നതിലും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഭാഗത്ത് ചില വീഴ്ചകൾ വന്നിട്ടുണ്ട്.

-1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിലും അപാകതകൾ വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പാലിക്കുന്നതിൽ താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

-പഞ്ചായത്തിന്റെ തനതുവരുമാനം പിരിച്ചെടുക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.എന്നിരുന്നാലും പിരിച്ചെടുത്ത തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

-ഹരിതകർമ്മസേനാപ്രവർത്തനം വിലയിരുത്തുന്നതിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും വീഴ്ചകൾ വന്നിട്ടുണ്ട്

-വരവിനങ്ങളിൽ വസ്തുനികുതി ,പഴയ കെട്ടിടങ്ങളുടെ ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനവിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.അതുകൊണ്ട് തന്നെ വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതായി ഉറപ്പുവരുത്താൻ കഴിയുന്നില്ല.

-പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.സെക്രട്ടറി തുക ചെലവഴിച്ച പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

-ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വിറ്റതിന്റെയും ബാക്കിയുള്ളതിന്റെയും വില ഈടാക്കിയതിന്റെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടെണ്ടർ ഫോറങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു.

-വാർഷികകണക്കുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധ പുലർത്തിയിട്ടുണ്ടെങ്കിലും ഇനിയും അപാകതകൾ നിലനിൽക്കുന്നു.

-പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

-സേവന ഉപനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

-സേവന സിവിൽ രജിസ്ട്രേഷൻ,സേവന പെൻഷൻ എന്നീ സോഫ്റ്റ് വെയറുകൾ തമ്മിൽ ലിങ്ക് നൽകാത്തതിനാൽ മരണശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ അയക്കുന്ന സാഹചര്യം നിലനിൽക്കുന്നു.

"ടേക്ക് എ.ബ്രേക്ക്" കേന്ദ്രം നിലവിലും നിഷ്ക്രിയാസ്തിയായി അവശേഷിക്കുന്നു.

-പഞ്ചായത്ത് കെട്ടിടത്തിലെ ടോയ് ലെറ്റ് സംവിധാനവും ശുചിത്വസംവിധാനവും തൃപ്തികരമല്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 24(3) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ ആയതിന് മുൻപ് കെട്ടിട ഉടമസ്ഥൻ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നെങ്കിൽ ചുമത്തപ്പെടാമായിരുന്ന വസ്തു നികുതി നൽകുന്നതിന് കെട്ടിട ഉടമ ബാധ്യസ്ഥനമാണ്. കെട്ടിടങ്ങൾ പൊളിച്ച് നീക്കിയ ശേഷമാണ് കെട്ടിട നികുതി ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ കെട്ടിട ഉടമകൾ അപേക്ഷ നൽകിയിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമാവുന്നു . ചട്ടം 24(3) ൽ നിർദേശിക്കുന്ന പ്രകാരം കെട്ടിടം

പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ, വസ്തു നികുതി ഈടാക്കിയ ശേഷം മാത്രം കെട്ടിടത്തെ നികതിയിൽ നിന്ന് ഒഴിവാക്കുന്നതാണ് ശരിയായ രീതി എന്നാണ് ചട്ടപ്രകാരമുള്ള നടപടി. എന്നാൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ മേൽ വസ്തുത പരിഗണിക്കാതെ മുൻ കാല പ്രാബല്യത്തോടെ കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | അപേക്ഷയും അപേക്ഷ ലഭിച്ച തീയ്യതിയും | വാർഷിക കെട്ടിട നികുതി | നികുതിയിളവ് നൽകേണ്ടിയിരുന്ന കാലയളവ് | നികുതിയിളവ് നൽകിയ കാലയളവ് | നികുതിയിനത്തിലെ നഷ്ടം |
|---|---|---|---|---|---|---|
| 14/404 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/405 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/406 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/407 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/408 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/409 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 693 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 346 |
| 14/410 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 693 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 346 |
| 14/411 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 693 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 346 |
| 14/413 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 341 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 170 |
| 14/414 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 433 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 216 |
| 14/415 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 433 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 216 |
| 14/416 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 433 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 216 |
| 11/210 | പാത്തു അമ്പിളികുന്നേൽ | 7544/2022 /10/10/2022 | 206 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 103 |
| 11/214 | പാത്തു | 7544/2022 | 320 | 2023-24 ഒന്നാം | 2022-23 | 160 |

| | | | | | | |
|---|---|---|---|---|---|---|
| | അമ്പിളികുന്നേൽ | /10/10/2022 | | അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | |
| ആകെ നഷ്ടം | | | | | | 3299 |

ഇപ്രകാരം നികുതി ഒഴിവാക്കി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 30.10.2023 തീയതിയിലെ 18/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 3299 രൂപ വരവിനത്തിലെ നഷ്ടമായി വിലയിരുത്തുന്നു. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ബാധ്യത സെക്രട്ടറിയിൽ ചുമത്തുന്നു.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ളതും, 2021-22 സാമ്പത്തിക വർഷത്തിൽ ഡിമാന്റിൽ ഉൾപ്പെട്ടിരുന്നതുമായ ഏതാനും ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

I) കെ.എസ്.ഇ.ബി സെക്ഷൻ, പടിഞ്ഞാറത്തറ

Ii) പ്ലസ് മാർട്ട് പടിഞ്ഞാറത്തറ

Iii) മാക്സ് വാല്യൂ കൺസൾട്ടൻസി സർവ്വീസസ്

Iv) റിലയൻസ് റീട്ടെയിൽ ലിമിറ്റഡ്

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പരാമർശിത സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തെഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 02/20.11.2023 ന് മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

## 1-12 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് പരിധിയിൽ 468 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റ പ്രകാരം ഓഡിറ്റ് സമയത്ത് ഗ്രാമപഞ്ചായത്തിൽ താഴെ പറയും പ്രകാരമാണ് കെട്ടിടങ്ങളുടെ എണ്ണമുള്ളത്.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരേ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 1549 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 207 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരേ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 53 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 6 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 207 |
| 7 | ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ | 34 |
| 8 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 28 |
| 9 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 22 |
| 10 | റിസോർട്ടുകൾ | 156 |
| 11 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 83 |
| ആകെ | | 2350 |

നാളിതുവരെ മേൽ ആവശ്യങ്ങൾക്കുപയോഗിക്കുന്ന 239 കെട്ടിടങ്ങൾ പൊളിച്ച് നീക്കിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2111 കെട്ടിടങ്ങളെങ്കിലും മേൽ പറഞ്ഞ ഉപയോഗക്രമങ്ങളിലുണ്ട്. 2022-23 സാമ്പത്തിക വർഷം 11 കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതായി പരിഗണിച്ച് നികുതി ഒഴിവാക്കിയിട്ടുണ്ട്. ആയത് കൂടി പരിഗണിച്ചാലും 2100 കെട്ടിടങ്ങളെങ്കിലും ലൈസൻസ് നേടേണ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഒന്നിലേറെ മുറികളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെയും നാമമാത്രമായ മറ്റ് സ്ഥാപനങ്ങളുടെയും എണ്ണവും ഗ്രാമപഞ്ചായത്തിൽ നിന്ന് നികുതിയിളവ് നേടാത്ത ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും പരിഗണിച്ചാലും 468 സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുള്ളൂ എന്നത് വിശ്വസനീയമല്ല. മേൽ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി താഴെ പറയുന്ന വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

I) ഗ്രാമപഞ്ചായത്ത് 100 ശതമാനം ലൈസൻസ് ഫീസും ഈടാക്കിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. രണ്ടായിരത്തി ഒരുന്നൂറോളം കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് നേടി പ്രവർത്തിക്കേണ്ട ഉപയോഗക്രമങ്ങളിലുണ്ടായിരുന്നിട്ടും 468 സ്ഥാപനങ്ങളുടെ മാത്രം ലൈസൻസ് ഫീസാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II) ലൈസൻസ് നേടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

കൂടാതെ, ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ സമ്പൂർണ ഡാറ്റ ബേസ് തയ്യാറാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 03/25.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 കോടതി വ്യവഹാരം മൂലമുള്ള വാടകക്കുടിശ്ശിക സംബന്ധിച്ച്

2021-22 സാമ്പത്തിക വർഷത്തിലും, 2022-23 സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട തുകയിൽ 1,50,000/- രൂപ കുടിശ്ശികയുള്ളതായി വ്യക്തമായിട്ടുണ്ട്. പ്രസ്തുത തുക ഒടുക്കാൻ ബാദ്ധ്യസ്ഥനായ ശ്രീ. ടോവി കുവക്കൽ എന്ന വ്യക്തിയിൽ നിന്നും ആയത് ഈടാക്കാൻ കഴിയാത്തത് കോടതിവ്യവഹാരം നിലനിൽക്കുന്നതിനാലാണ് എന്ന് വാടകക്കുടിശ്ശിക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത കോടതി വ്യവഹാരം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന കേസ് ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയോ, ആയത് സംബന്ധിച്ച 21/31.10.2023 ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയോ ചെയ്തിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 ആർട്കോ മുഖേന പ്രോജക്ട് നിർവഹണം - അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം തയ്യാറാക്കിയ 197/21 പ്രോജക്ട് ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫർണിച്ചർ സപ്ളൈ ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്. ഇതേ പ്രോജക്ട് 285/22 സ്പിൽ ഓവറായി തുടർന്നുള്ള വർഷം ഉൾപെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് , 75/23 സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | SO 75/23 പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ |
| ഫണ്ട് | തനത് ഫണ്ട് |
| വകയിരുത്തിയ തുക | ₹ 1700000 |
| ചെലവ് തുക | ₹ 1699958 |

നിലവിലുള്ള പഞ്ചായത്ത് കെട്ടിടത്തോട് ചേർന്ന് നിർമിച്ച കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റുന്നതിനായിട്ടാണ് വർക്കുകൾ പ്രപ്പോസ് ചെയ്തിട്ടുള്ളത് . പ്രധാനമായും പാർട്ടീഷൻ വർക്കുകൾ, ജീവനക്കാർക്കായുള്ള എക്സിക്യൂട്ടീവ് ടേബിൾ, ഓഫീസ് ഷെൽഫ് , എക്സിക്യൂട്ടീവ് ചെയർ എന്നിവയാണ് പ്രോജക്ടിന്റെ ഭാഗമായി ഉൾപെടുന്ന ഇനങ്ങൾ.

അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോ മുഖേനയാണ് പ്രോജക്ട് നിർവഹണം നടത്തുന്നത്. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , ആർട്ട്കോ സമർപ്പിച്ച 4246/22.09.2020 പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള വർക്കുകൾ നിർവഹിക്കാൻ സെക്രട്ടറി Sc3/4365/20/31.12.2020 കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. പ്രവൃത്തി പൂർത്തിയാക്കുകയും ഫർണിഷിങ്ങ് വർക്കുകളുടെ ഇൻവോയസ് KKD736/13.09.2021 പ്രകാരം ലഭ്യമാക്കുകയും ഇൻവോയ്സ് തുകയായ 16,99,958 രൂപ അനുവദിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

എന്നാൽ , പ്രവൃത്തിയിൽ അപാകതകൾ ഉണ്ട് എന്നും ഗുണനിലവാരം ഇല്ല എന്നും പരാതി ഉയരുകയും ചെയ്തു. പ്രവൃത്തിയുടെ തുക അനുവദിച്ച് കിട്ടാൻ ആർട്ക്കോ ഹൈക്കോടതിയിൽ WP(C)28038/2022 കേസ് ഫയൽ ചെയ്യുകയും , കോടതി വിധിയുടെ ഫലമായി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് മീനങ്ങാടിയിലെ വർക്ക്ഷോപ്പ് സൂപ്രണ്ടിന്റെ

ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽ നിന്ന് UTR 030986470241/ പ്രകാരം അർഹമായ നികുതികൾ കുറവ് ചെയ്ത് 1642325 രൂപ ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തു. (ചെക്ക് 14728/31.01.2023)

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ആസൂത്രണത്തിൽ പിഴവുകൾ

ഗ്രാമ പഞ്ചായത്ത് ഓഫീസ് , അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എന്നിവ സ്ഥലപരിമിതിയാൽ പ്രയാസപ്പെടുന്ന അവസ്ഥയിലാണ്. സമാന്തരമായി നിർമിച്ച കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റേണ്ടത് അനിവാര്യമാണ്. ആർട്ട്കോ മുഖേന ചെയ്ത വർക്കുകൾ ഫിനിഷിങ്ങ് വർക്കുകളാണ്. എന്നാൽ , അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ പൂർത്തിയാക്കിയ ശേഷമാണ് ഇത്തരം ഫിനിഷിങ്ങ് ഫർണിഷിങ്ങ് പ്രവൃത്തികൾ നിർവഹിക്കേണ്ടത്. എന്നാൽ പെയിന്റിങ്ങ് , വയറിങ്ങ് , നെറ്റ്‌വർക്കിങ്ങ് എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാതെ വളരെ ധൃതിപ്പെട്ട് ഫർണിഷിങ്ങ് വർക്കുകൾ നിർവഹിച്ചത് ഗുരുതര പിഴവായി വിലയിരുത്തുന്നു. പ്രവൃത്തികളുടെ മുൻഗണനാക്രമം പാലിക്കാതെയാണ് ഫർണിഷിങ്ങ് പ്രവൃത്തികൾ ആസൂത്രണം ചെയ്തത് എന്ന് വിലയിരുത്തുന്നു. ഫർണിഷിങ്ങ് പ്രവൃത്തികൾ ധൃതിപ്പെട്ട് നിർവഹണം നടത്തിയത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

2. ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തുന്നില്ല.

പ്രോജക്ടിന്റെ ഭാഗമായി ചെയ്ത ഫർണിഷിങ്ങ് വർക്കുകൾ പൂർത്തിയാക്കിയിട്ട് വർഷം രണ്ട് വർഷം കഴിഞ്ഞു. എന്നാൽ , ഈ ഫർണിഷിങ്ങ് വർക്കുകളുടെ ഭാഗമായി ചെയ്ത ഒരു ഫർണിച്ചറും നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല എന്ന വസ്തുത പ്രോജക്ട് ആസൂത്രണത്തിലെയും രൂപീകരണത്തിലെയും നിർവഹണത്തിലെയും പാളിച്ചകൾ വ്യക്തമാക്കുന്നു. മാത്രമല്ല, പ്ലൈവുഡ് ലാമിനേറ്റ് ചെയ്ത് നിർമിച്ച എക്സിക്യൂട്ടീവ് ടേബിളുകളുടെ വശങ്ങൾ പലയിടത്തും ലാമിനേഷൻ പൊളിഞ്ഞ് തുടങ്ങുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഉപയോഗിക്കാതെ നശിക്കുന്ന ഫർണിഷിങ്ങ് വർക്കുകൾ ആസൂത്രണമില്ലായ്മയുടെ അടയാളമായി അവശേഷിക്കുന്നു.

3. മെഷർമെൻ്റ് പരിശോധിച്ചില്ല

പരാതിയുടെയും തുടർന്നുണ്ടായ വിജിലൻസ് എൻക്വയറിയുടെയും , കോടതി വിധിയുടെയും അടിസ്ഥാനത്തിൽ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് മീനങ്ങാടിയിലെ വർക്ക്ഷോപ്പ് സൂപ്രണ്ട് ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. ചെയ്ത വർക്കുകളും , അസംബിൾ ചെയ്ത ഫർണിച്ചറുകളും ഗുണ നിലവാരം ഉള്ളവയാണ് എന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. തുക അനുവദിക്കുന്നതിന് മുമ്പ് Qualitative And Quantitative പരിശോധന നടത്തേണ്ടത് / നടത്താൻ സൗകര്യം എർപ്പെടുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ചുമതലയാണ്. എന്നാൽ ആർട്ട്കോ ചെയ്ത ഫർണിഷിങ്ങ് പ്രവൃത്തികൾ ഇൻവോയ്സ് പ്രകാരമുള്ള അളവുകളിൽ ചെയ്തിട്ടുണ്ട് എന്ന Quantitative പരിശോധന നടത്തിയിട്ടില്ല. മൂന്നാമതൊരു ഏജൻസിക്ക് പരിശോധിക്കാവുന്ന വിധത്തിൽ നീളം , വീതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ അളവുകൾ നിർവഹണം നടത്തിയ ഏജൻസി ലഭ്യമാക്കുകയോ , പരിശോധന നടത്തിയ വർക്ക്ഷോപ്പ് സൂപ്രണ്ടിന്റെ പരിഗണക്ക് വരികയോ ചെയ്തിട്ടില്ല എന്ന് വിലയിരുത്തുന്നു. ആർട്ട്കോ നൽകിയ ഇൻവോയ്സ് പ്രകാരം 138 .082m2 അളവിൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് ഉറപ്പ് വരുത്താവുന്ന വിധത്തിലുള്ള അളവുകളുടെ വിവരം ലഭ്യമാവാത്തതിനാൽ ചെയ്ത പ്രവൃത്തികളുടെ അളവുകളുടെ ആധികാരികത ഉറപ്പ് വരുത്താനാവില്ല. ക്ഷമതയുള്ള എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തി ചെയ്ത അളവുകളുടെ കൃത്യത പരിശോധിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

4. ഭരണ സമിതിയുടെ 9/135/20 Dated 14.08.2020 തീരുമാനത്തിലാണ് ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് ആർട്ട്കോക്ക് വർക്ക് ഓർഡർ നൽകാൻ തീരുമാനിക്കുന്നത്. ഫിനിഷിങ്ങ് സ്വഭാവത്തിലുള്ള വർക്ക് നിർവഹിക്കാവുന്ന വിധത്തിൽ മറ്റ് അടിസ്ഥാന സംവിധാനങ്ങൾ നിലവിവുണ്ടോ എന്നത് സംബന്ധിച്ച യാതൊരു വിശകലനവും ഭരണ സമിതി നടത്തിയിട്ടില്ല എന്നും ഫിനിഷിങ്ങ് വർക്കുകൾ നടത്താൻ പാകമായിട്ടില്ല എന്ന യാഥാർഥ്യം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഭരണ സമിതിയെ അറിയിക്കുകയോ ചെയ്തിട്ടില്ല എന്ന് ഭരണ സമിതി മിനുട്സ് വ്യക്തമാക്കുന്നു. പ്രോജക്ട് പ്രൊപ്പോസ് ചെയ്യുന്നതിലും , ഭരണ സമിതിയുടെ അനുമതി വാങ്ങുന്നതിലും , പ്രോജക്ടിന് അനുമതി നൽകുന്നതിലും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനാവശ്യമായ ധൃതി കാണിച്ചു എന്ന് വ്യക്തമാണ്. സെക്രട്ടറിയുടെ നടപടി കാരണമാണ് 16.42 ലക്ഷം രൂപ പ്രയോജനപ്പെടുത്താനാവാത്ത വിധത്തിൽ മുടങ്ങി കിടക്കുന്നത് എന്നത് ഗുരുതര സ്വഭാവമുള്ളതാണ്. സെക്രട്ടറി ശ്രീ എൻ.എ ജയരാജൻ, എന്നവരുടെ നടപടി വകുപ്പ് തല അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

5. പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് അധിക തുക ഈടാക്കി.

ആർട്ട്കോയുടെ ഇൻവോയ്സ് ക്രമ നമ്പർ 2, 7, 16, 31 എന്നിവ പ്രകാരം 7.77m2 അളവിൽ ലാമിനേറ്റഡ് പ്ലൈവുഡ് ഉപയോഗിച്ച് ഡോർ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് PTM1 എന്ന സീരിയൽ നമ്പർ രേഖപ്പെടുത്തി 8870/m2 രൂപയാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്.സർക്കാർ അംഗീകരിച്ച റേറ്റ് ചാർട്ടിൽ ഇല്ലാത്ത ഇനം എന്ന നിലയിലാണ് നിരക്ക് , കോഡ്

എന്നിവ നൽകിയിട്ടുള്ളത്. എന്നാൽ വിശദമായ പരിശോധനയിൽ ഇൻവോയ്സിലെ ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള നിരക്ക് മാത്രമാണ് ഡോർ സ്ഥാപിക്കുന്നതിന് ബാധകം എന്ന് വ്യക്തമാവുന്നു. പാർട്ടിഷന് വേണ്ടി ഉപയോഗിക്കുന്ന അതേ മെറ്റീരിയലുകളാണ് ഇവിടെയും ഉപയോഗിക്കുന്നത്. മെറ്റൽ സ്ക്രൂ, Stainless Steel സ്ക്രൂ, Stainless Steel ക്ലാമ്പ് ,ഇച്ചിങ്ങ് ചെയ്ത ഗ്ലാസ് എന്നിവ ഉൾപെടുന്ന പാർട്ടിഷൻ വർക്കിൽ നിന്ന് പ്രകടമായ യാതൊരു വ്യത്യാസവും ഡോർ സ്ഥാപിക്കുന്നതിന് വരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. ഡോർ സ്ഥാപിക്കുന്നതിന് ലാമിനേറ്റഡ് പ്ലൈവുഡിന് പുറമെ Stainless Steel Inches, Lock, Handle എന്നിവ മാത്രമാണ് ഉൾപെടുന്നത്. ഇതിൽ തന്നെ ഹാന്റിൽ സ്ഥാപിച്ചിട്ടില്ല. സർക്കാർ അംഗീകൃത നിരക്കായ (Uf1882) 7091/m2 നിലവിലുണ്ടായിരിക്കെ , ഗ്രാമ പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് ഉയർന്ന നിരക്ക് ഈടാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ആർട്ട്കോയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി / ഇനം | അളവ് | അനുവദിച്ച തുക @8870 | അർഹമായ തുക @7091 | അധികം |
|---|---|---|---|---|
| ഇൻവോയ്സ് ക്രമ നമ്പർ 2, 7,16, 31 | 7.77/m2 | 68919.9 | 55097.07 | 13822.8 |

ഓഡിറ്റ് എൻക്വയറി 13/30.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-15 ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതിയിൽ മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല

നിർവ്വഹണം . മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം, മുണ്ടക്കുറ്റി)

| | |
|---|---|
| പ്രോജക്ട് നം , പേര്, അടങ്കൽ | 2/23 ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ, ₹1,00,000/- ( MG Non Road) |
| ചെലവ് | ₹1,00,000/- ( MG Non Road )<br>ബിൽ നം 29/22-23/21.3.23 ₹1,00,000/- |

1,00,000 രൂപയുടെ മരുന്ന് വാങ്ങുന്നതിന് HOMCO ക്കാണ് പണം നൽകിയത് . നാളിതു വരെ ഇതിൽ 13576 രൂപയുടെ മരുന്ന് ലഭിച്ചു. 86,424 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്. 86,424രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ലൈഫ് ഭവന പദ്ധതി വീട് നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതി ജനറൽ ,ടി എസ് പി, എസ് സി പി പദ്ധതികളിൽ വീട് നിർമ്മാണം പൂർത്തിയാക്കാൻ (2018-19,2019-20, 2020-21 വർഷങ്ങളിൽ ആരംഭിച്ചത് )അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

( എ) ലൈഫ് ഭവന പദ്ധതി ജനറല്

(ഒരു വീടിന് നൽകുന്ന ധനസഹായം നാല് ലക്ഷം രൂപ)

| ക്രമ നം | ഗുണഭോക്താവ് | നിർമ്മാണം ആരംഭിച്ച വർഷം | വാർഡ് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ശ്യാമള | 2018-19 | 15 | 300000 |

( ബി) ലൈഫ് ഭവന പദ്ധതി ടി എസ് പി

(ഒരു വീടിന് നൽകുന്ന ധനസഹായം ആറ് ലക്ഷം രൂപ)

| ക്രമ നം | ഗുണഭോക്താവ് | നിർമ്മാണം ആരംഭിച്ച വർഷം | വാർഡ് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | പുഷ്പ മണി | 2018-19 | 4 | 520000 |
| 2 | ശോഭ മണി | 2018-19 | 5 | 520000 |
| 3 | അനിത ബാബു | 2020-21 | 15 | 410000 |
| 4 | ബിന്ദു | 2020-21 | 4 | 510000 |
| 5 | സന്തോഷ് നാരായണൻ | 2020-21 | 15 | 510000 |

| | | | | |
|---|---|---|---|---|
| 6 | മണി പുത്തൻമിറ്റം | 2020-21 | 4 | 510000 |
| 7 | രാധിക ബിജു | 2020-21 | 4 | 510000 |
| 8 | അമ്മു സുരേഷ് ബാബു | 2020-21 | 4 | 510000 |
| 9 | ലീല ചന്ദ്രൻ | 2020-21 | 4 | 510000 |
| 10 | ബിന്ദു കെ വി | 2020-21 | 15 | 510000 |
| 11 | ലീല | 2020-21 | 1 | 410000 |

( സി ) ലൈഫ് ഭവന പദ്ധതി എസ് സി പി

(ഒരു വീടിന് നൽകുന്ന ധനസഹായം നാല് ലക്ഷം രൂപ)

| ക്രമ നം | ഗുണഭോക്താവ് | നിർമ്മാണം ആരംഭിച്ച വർഷം | വാർഡ് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | വിനീത രതീഷ് | 2020-21 | 13 | 300000 |
| 2 | തങ്കപ്പൻ | 2020-21 | 11 | 300000 |
| 3 | കുഞ്ഞിരാമൻ | 2020-21 | 12 | 300000 |
| 4 | സതീഷ് | 2020-21 | 9 | 300000 |
| 5 | പ്രേമ | 2020-21 | 13 | 40000 |
| 6 | ജയേഷ് | 2020-21 | 8 | 300000 |
| 7 | സതീശൻ | 2020-21 | 6 | 300000 |
| 8 | ലിബിയ | 2020-21 | 10 | 300000 |
| 9 | ലീലാവതി | 2020-21 | 11 | 350000 |
| 10 | പത്മനാഭൻ | 2020-21 | 7 | 300000 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വീടു പണി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഉന്നതപഠിതാക്കൾക്ക് ലാപ് ടോപ് -ബാഗ് നൽകിയില്ല

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്റ്റ് നം , പേര്, അടങ്കൽ | 231/23 ഉന്നതപഠിതാക്കൾക്ക് ലാപ് ടോപ്പ്, ₹2,68,660 (SCP)/- |
| ചെലവ് | ₹2,68,660 (SCP)/-<br>ബിൽ നം 4/22-23/31.1.23 |
| ലാപ് ടോപ്പ് വിതരണം ചെയ്തസ്ഥാപനം | എസ് എം സോഫ്റ്റ്, സുൽത്താൻ ബത്തേരി |

പട്ടികജാതി വിഭാഗത്തിൽ പെട്ട ഏഴ് വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വാങ്ങിനൽകിയത്. സബ്സിഡി സംബന്ധിച്ച GO(MS)115/2022/Lsgd Dated 28.05.2022 ഉത്തരവിലെ അനുബന്ധം നാലിൽ ലാപ്പ്ടോപ്പിന്റെ സ്പെസിഫിക്കേഷനിൽ ക്യാരി ബാഗ് ഉൾപ്പെടുന്നുണ്ട്. ബാഗ് ഉൾപ്പെടെയാണ് ലാപ്പ് ടോപ്പിന്റെ വില കണക്കാക്കിയിട്ടുള്ളത്. എന്നാൽ, ബാഗിന്റെ വില പ്രത്യേകമായി ഇൻവോയ്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. GEM മുഖേന നടത്തിയ ടെണ്ടറിൽ എസ് എം സോഫ്റ്റ്, സുൽത്താൻ ബത്തേരി എന്ന സ്ഥാപനം ലാപ് ടോപ്പ് ബാഗ് ഉൾപ്പടെ വിതരണം ചെയ്യാം എന്നാണ് കരാർ വെച്ചിരിക്കുന്നത്.സപ്ളെ ഓർഡറിലും ക്യാരി ബാഗ് ഉൽപ്പെടുന്നുണ്ട്.

ഗുണഭോക്താക്കളായ ഏഴ് വിദ്യാർത്ഥികൾക്കും ലാപ് ടോപ്പ് ബാഗ് ലഭിച്ചിട്ടില്ല എന്ന് ഗുണഭോക്താക്കൾ വിശദീകരിക്കുകയുണ്ടായി .സപ്ളെ ഓർഡർ പ്രകാരമുള്ള, സർക്കാർ നിർദേശപ്രകാരമുള്ള ഇനങ്ങൾ സപ്ളെ ചെയ്തിട്ടുണ്ട് എന്ന കാര്യം ഉറപ്പ് വരുത്താൻ നിർവഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എസ് എം സോഫ്റ്റ്, സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പ് ബാഗ് ലഭ്യമാക്കി ഏഴ് വിദ്യാർത്ഥികൾക്കും വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. എൻക്വയറി 10/28.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക

ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-18-1 ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി പുതിയ വരുമാന മാർഗങ്ങൾ സംബന്ധിച്ച് ചുരുക്കം ചില നിർദ്ദേശങ്ങൾ നൽകിയതൊഴികെ ഗൗരവപരമായി ചർച്ച ചെയ്തിട്ടുള്ളതായി കാണുന്നില്ല. പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നത് സംബന്ധിച്ച് സ്റ്റാൻഡിങ്ങ് കമ്മിറ്റി ചർച്ച നടത്തി ആയത് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മേൽ വിഷയത്തിലേക്ക് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-18-2 സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്.

ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും 2022 ഏപ്രിൽ 25ാം തീയതിയിലെ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ ബാണാസുര ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് ടൂറിസം പ്രദേശത്തെ പഞ്ചായത്തിന്റെ സ്ഥലം ഏറ്റെടുത്ത് വാഹന വിരാമ താവളങ്ങൾ ഏർപ്പെടുത്തുന്നതിനും സ്വകാര്യവണ്ടിത്താവളങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്, ആയതിന്റെ തുടർനടപടി അറിയിക്കേണ്ടതാണ്. നിലവിൽ മേൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന് ലൈസൻസ് നിർബന്ധമാക്കി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ യോഗത്തിൽ തന്നെ പുതിയ കെട്ടിടങ്ങൾ, പുതുക്കി പണിതിട്ടുള്ള കെട്ടിടങ്ങൾ, നിലവിൽ നികുതി ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ എന്നിവ വാർഡ് തലത്തിൽ പരിശോധിച്ച് നികുതി നിർണയത്തിന്റെ കൃത്യത വിലയിരുത്തിയാൽ നികുതിവരുമാനത്തിൽ വർദ്ധനവുണ്ടാകാൻ സാധ്യതയുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18-3 വരുമാന ഇനങ്ങളുടെ ബഡ്ജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം സംബന്ധിച്ച്

വിവിധ വരുമാന ഇനങ്ങളുടെ ബഡ്ജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസമുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.
വ്യത്യസം ഇല്ലാതെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും വിവിധ വരുമാന ഇനങ്ങളുടെ വരവിൽ എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽ പെട്ടാൽ ആയത് പരിഹരിക്കുന്നതിനും ശ്രദ്ധ നൽകേണ്ടതാണ്.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 7000000 | 6429920 | -570080 |
| തൊഴിൽ നികുതി(തൻവർഷം) | 1800000 | 1889640 | 89640 |
| Rental Income | 3024652 | 3047472 | 22820 |
| Fee & User Charges | 1762830 | 1604487 | (-)158343 |
| Sale & Hire Charges | 685000 | 656036 | (-)28964 |

| | | | |
|---|---|---|---|
| Interest Earned | 50000 | 920243 | 870243 |
| Other Income | 2268274 | 1920750 | (-)347524 |

## 1-18-4 നികുതി പിരിവ് അവലോകനം

നിശ്ചിത ഇടവേളകളിൽ വസ്തു നികുതി വരവിന്റെ പുരോഗതി ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. എന്നാൽ മറ്റ് നികുതി, നികുതി ഇതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി എന്നിവ അവലോകനം ചെയ്യുന്നതായി കാണുന്നില്ല.ഗ്രാമപഞ്ചായത്ത് സഞ്ചയ സോഫ്റ്റ്‌വയർ പ്രകാരം 100 ശതമാനം വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്.

## 1-18-5 വസ്തു നികുതി പരിഷ്കരണം-തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വസ്തു നികുതി നിരക്കുകൾ പരിഷ്കരിച്ച് 12/04/2023 തീയതിയിലെ 23/2 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയയിൽ മേൽ നിരക്കുകൾ രേഖപ്പെടുത്തിയതായി കാണുന്നില്ല.കൂടാതെ 27.04.2023 തീയതിയിലെ 2/2 നമ്പർ തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും ഡാറ്റാ എൻട്രി ജോലികൾക്കുമായി ഫാത്തിമ റുക്സാന, നയന ഫാത്തിമ എന്നീ രണ്ട് ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന നടത്തി നികുതി നിർണയം കുറ്റമറ്റതാക്കാനുള്ള യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. നികുതി പരിഷ്കരണത്തിന്റെ പ്രാരംഭ നടപടികൾ പോലും ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

## 1-18-6 കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കൽ, നികുതി നികുതിയേതര വരവുകളുടെ അവലോകനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

01.06.2022 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 117/2022/ എൽ.എസ്.ജി.ഡി പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു കുടിശ്ശിക രജിസ്റ്റർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കണം. എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിങ്ങുകളിലും നടത്തേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ വായ്പ സംബന്ധിച്ച് ഡിസിബി പത്രിക തയ്യാറാക്കുകയും പ്രാദേശിക സർക്കാർ ഭരണസമിതി യോഗത്തിലും ഗ്രാമസഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.വസ്തു നികുതി പിരിവിന്റെ അവലോകനം നടത്തിയത്തിയെന്നതിലുപരിയായി മേൽ നടപടിക്രമങ്ങളൊന്നും ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18-7 സഞ്ചയ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവുമുള്ള വസ്തുനികുതി വരവ് വ്യത്യസ്തമാണ്.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി വരവ് സംബന്ധിച്ച വിവരങ്ങൾ സഞ്ചയ,വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരം ലഭ്യമാക്കിയതിൽ വ്യത്യാസമുണ്ട്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| സി,നം | ഇനം | ഐ.എൽ ജി.എം.എസ്/എ.എഫ്,എസ് (A) | സഞ്ചയ (B) | എ.എഫ്,എസ്/സഞ്ചയ വരവുകൾ തമ്മിലുള്ള വ്യത്യാസം (B-A) |
|---|---|---|---|---|
| 1 | വസ്തു നികുതി ഡിമാന്റ് (തൻ വർഷം) | 6429920 | 6429920 | 0 |
| 2 | വസ്തു നികുതി ഡിമാന്റ് (അരിയർ-ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 674840 | 610350 | -64490 |

| | | | | |
|---|---|---|---|---|
| 3 | വസ്തു നികുതി കളക്ഷൻ (തൻ വർഷം) | 6484779 | 6437688 | -47091 |
| 4 | വസ്തു നികുതി കളക്ഷൻ (അരിയർ) | 555774 | 582436 | 26662 |

തൽവർഷ ഡിമാന്റിൽ വ്യത്യാസം ഇല്ല. എന്നാൽ , ഡിമാന്റിനേക്കാൾ അധികം ഈടാക്കിയതായി കാണുന്നു. മാത്രമല്ല, സഞ്ചയ , ILGMS തുകകളിൽ വ്യത്യാസവും കാണുന്നു.

വസ്തു നികുതി അരിയർ ഡിമാന്റിലും കളക്ഷനിലും സഞ്ചയ , ILGMS തുകകൾ വ്യത്യാസപ്പെടുന്നത് സോഫ്റ്റ് വെയറിലെ പരിമിതികൾ പ്രകടമാക്കുന്നു.

ഡിമാന്റിലും കളക്ഷനിലും വരുന്ന വ്യത്യാസം ബാലൻസ് (Sudry Debters) തുകയിലും പ്രതിഫലിക്കുന്നു. പരസ്പരം പൊരുത്തപ്പെടുന്ന വിധത്തിൽ സഞ്ചയ , ILGMS , വാർഷിക കണക്ക് എന്നിവയിലെ ഫിഗറുകൾ വരുന്നതിന് ക്രമീകരണം വരുത്തേണ്ടതാണ്.

### 1-18-8 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ( Other Reports - Data Purification Details ) ആകെയുള്ള 9357 കെട്ടിടങ്ങളിൽ ഓപ്പറേറ്റർ ലോഗിനിലുള്ള ൽ 23 ഉം വെരിഫയർ ലോഗിനിലുള്ള 6 ഉം അപ്രൂവർ ലോഗിനിലുള്ള 16 ഉം കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്യാത്തത് ശ്രദ്ധയിൽ പെടുത്തുന്നു.

### 1-18-9 സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ മേഖലകൾ രേഖപ്പെടുത്തുന്നതിൽ പിഴവുകൾ സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന പലകെട്ടിടങ്ങളുടെയും മേഖലകൾ സഞ്ചയയിൽ രേഖപ്പെടുത്തിയതിൽ അപാകതകളുണ്ട്. തൊട്ടടുത്ത കെട്ടിടങ്ങളുടെ തന്നെ മേഖലകൾ വ്യത്യസ്തമാണ്. ഒന്നാം വാർഡിലെ മാത്രം അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വസ്തു നികുതി പരിഷ്കരണ വിജ്ഞാപന പ്രകാരം പ്രാഥമിക മേഖലയിലുൾപ്പെട്ട പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിൽ സ്ഥിതി ചെയ്യുന്ന മിക്ക കെട്ടിടങ്ങളും ദ്വിതീയ മേഖലയായാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം കൃത്യതയില്ലാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത് മൂലം നികുതിയിനത്തിൽ വൻനഷ്ടമുണ്ടാവാൻ സാധ്യതയുണ്ട്.ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണയം പരിശോധിച്ച് അപാകതകളില്ലെന്നുറപ്പ് വരുത്തേണ്ടതാണ്.

### 1-18-10 വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിട നമ്പർ നമ്പർ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണയം നടത്തുന്നത് സംബന്ധിച്ച്.

2022-23 സാമ്പത്തിക വർഷത്തിൽ വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിട നമ്പർ നമ്പർ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണയം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### 1-18-11 ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും നമ്പർ നൽകിയ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ കൃത്യത സംബന്ധിച്ചും ഗ്രാമപഞ്ചായത്ത് പരിശോധനയൊന്നും നടത്തിയതായി കാണുന്നില്ല. നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള വാർഡ് തല വിവര ശേഖരണവും നടത്തിയിട്ടില്ല. ആയതിനാൽ നികുതിയിനത്തിൽ വൻ ധനനഷ്ടമുണ്ടാവാൻ സാധ്യതയുണ്ട്.മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-18-12 പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിൽ അപാകതകൾ സംഭവിക്കുന്നു.

പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ അപേക്ഷ നൽകുന്ന അർദ്ധവർഷത്തെ നികുതി കൂടി ഈടാക്കിയ ശേഷമേ കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഖണ്ഡിക 1-10 കാണുക.

## 1-18-12 ടവറുകളുടെ നികുതി നിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പന്ത്രണ്ട് ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ട്. മേൽ ടവറുകളുടെ നികുതി നിർണയിച്ചിട്ടുള്ളത് സർക്കുലർ നം RD/3/94/ 2020 /ത.സ്വ.ഭ.വ തീയതി 02.02.2022 പ്രകാരം പരിശോധന നടത്തി പുനർനിർണയിച്ചതായി കാണുന്നില്ല. ഇപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18-13 റസീപ്റ്റ് ക്യാൻസലേഷനിലെ അപാകതകൾ സംബന്ധിച്ച്

ഐ.എൽ.ജി.എം.എസിൽ ക്യാൻസൽ ചെയ്ത് രസീപ്റ്റുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നത് മൂലം വരുമാന നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 1-18-14 തൊഴിൽ നികുതി,ലൈസൻസ് എന്നിവയുടെ ഡിമാന്റ് പൂർണമല്ല.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻഡ് നോട്ടീസ് വിതരണവും തുടർനടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിലും തൊഴിൽ നികുതി പൂർണമായും പിരിച്ചെടുത്തതായി കാണുന്നില്ല. സ്ഥാപനങ്ങൾ, ജീവനക്കാർ, തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, സ്വകാര്യ ഡോക്ടർമാർ മറ്റു പ്രൊഫഷനലുകൾ ,വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ സൂപ്പർവൈസർമാർ, വാഹന ഉടമകൾ ,ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ സ്വകാര്യ സ്കൂളുകൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ആവശ്യമായ പ്രവർത്തനങ്ങൾക്കുപയോഗിക്കാൻ സാധിക്കുന്ന 2100 ഓളം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 468 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് നോടിയത്.ഗ്രാമപഞ്ചായത്ത് മേൽ വിഷയം അടിയന്തിരമായി പരിഗണിക്കേണ്ടതും ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നിവ പൂർണമായും പിരിച്ചെടുക്കേണ്ടതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.

2021-22 സാമ്പത്തിക വർഷത്തിൽ ഡിമാന്റിൽ ഉൾപ്പെട്ടിരുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പോലും 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ഖണ്ഡിക 1-11-1 കാണുക.

## 1-18-16 തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതിയിനത്തിലും പ്രൊഫഷണൽസിന്റെ തൊഴിൽ നികുതിയിനത്തിലും വരവുണ്ടെങ്കിലും ആയതിന്റെ രജിസ്റ്ററുകൾ കൃത്യതയോടെ എഴുതി സൂക്ഷിച്ചിട്ടില്ല. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 1-1-2 കാണുക.

## 1-18-17 ഗ്രാമപഞ്ചായത്ത് പരിധിയിലെ ടർഫ് കോർട്ട്,ഇൻഡോർ ക്ലബ്ബ് മുതലായവയിൽ നിന്നും ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയ്ക്കോ സിപ്പ്ലൈൻ , ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയ്ക്കെന്നും നമ്പർ നൽകിയതായോ, ലൈസൻസ് നൽകിയതായോ കാണുന്നില്ല. ഇപ്രകാരമുള്ള സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിൽ നിന്ന് വിനോദ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-19 നിലാവ് പദ്ധതി - സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതി പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്റ്റ് നം, | So 20 /23 |
| പ്രൊജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ - നിലാവ് പദ്ധതി |
| അടങ്കൽ തുക | ₹ 40,65,200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>₹ 200/- (തനത് ഫണ്ട്) |
| ചെലവ് | ₹ 40,65,200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |

| | |
|---|---|
| വൗച്ചർ നമ്പർ നം. തീയതി | 222010501/ 25.03.2023 |
| നിർവ്വഹണം | സെക്രട്ടറി. |

തദ്ദേശ സ്ഥാപന പരിധിയിൽ തെരുവിളക്ക് പൂർണ്ണമായും L.E.D യിലേക്ക് മാറ്റുന്ന പദ്ധതിയാണ് നിലാവ് ഊർജ്ജ സംരക്ഷണവും പരിസ്ഥിതി ആഘാത ലഘൂകരണവും വൈദ്യുതി വിതരണത്തിലെ ഊർജ്ജ നഷ്ടവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബിൽ ഇനത്തിൽ നൽകിവരുന്ന അധിക ചെലവും ഒഴിവാക്കാൻ സഹായിക്കുന്ന ഈ പദ്ധതിയുടെ നിർവ്വഹണത്തിന് സംസ്ഥാന വൈദ്യുതി ബോർഡിനേയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയിട്ടുള്ളത്. തദ്ദേശ സ്ഥാപനത്തിന്റെ ആവശ്യത്തിനനുസരിച്ച് എൽ.ഇ.ഡി ബൾബുകൾ വാങ്ങി പോസ്റ്റുകളിൽ സ്ഥാപിക്കും. ലൈറ്റുകളുടെ പരിപാലന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഗ്രാമപഞ്ചായത്ത് 2021-22, 2022-23 വർഷങ്ങളിലായി വൈദ്യുതി ബോർഡിൽ ആകെ ₹48,38,080/- രൂപ നിലാവ് പ്രൊജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിനായി 2021-22 വർഷത്തിൽ ഒടുക്കിയ ₹ 7,72,830/- രൂപ കഴിച്ചുള്ള രൂപയാണ് തൻ വർഷത്തെ പ്രൊജക്ടിൽ ഒടുക്കിയിട്ടുള്ളത്. നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി 16 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് എൽ. ഇ. ഡി ബൾബുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

2022 – 23 ൽ കെ.എസ്.ഇ.ബി പടിഞ്ഞാറത്തറ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 1 മുതൽ 5 വരെ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് 13,98,253/- രൂപയുടെയും ,6 മുതൽ 10 വരെ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് 13,71,797/- രൂപയുടെയും , 11 മുതൽ 16 വരെ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് 17,09,608/- രൂപയുടെയും എസ്റ്റിമേറ്റ് (ആകെ 44,79,658/- ) സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വർഷം 40,65,200/- കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തു( അക്കൗണ്ട് നമ്പർ - 0355201001193 ) . 07.03.2023 ലെ കരാർ പ്രകാരം 6 മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്.

കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറുടെ 20.06.2023 ലെ കത്തിൽ 1 മുതൽ 10 വരെയുള്ള വാർഡുകളിലെ പ്രവൃത്തികൾ ടെണ്ടർ നടപടികളിലാണെന്നും, 11 മുതൽ 16 വരെയുള്ള വാർഡിലെ പ്രവൃത്തിക്ക് ഡെപ്പോസിറ്റ് ചെയ്ത തുക കുറവായതിനാൽ സാങ്കേതികാനുമതി ലഭ്യമായിട്ടില്ലായെന്നും, കുറവ് വന്ന തുക (414458/-) അടവാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിലെ തുടർ നടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണ വിവരവും, വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 40,65,200/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-20 തണൽ ഭവന വായ്പ തിരിച്ചടവ് - പിഴ പലിശ ഉൾപ്പെടുന്നു

കേരള സർവീസ് സഹകരണ ബാങ്കിൽ നിന്നും ( കേരള ബാങ്ക്) തണൽ ഭവന പദ്ധതിക്കായി പഞ്ചായത്ത് 2015 -16 മുതൽ 2017- 18 വരെയുള്ള കാലയളവിൽ 1,55,58,500/- രൂപ വായ്പയെടുത്തിട്ടുണ്ട്. വായ്പ രജിസ്റ്റർ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ വർഷാവസാനത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് രജിസ്റ്ററിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഓരോ വർഷത്തേയും പലിശ ,പിഴപലിശ ഉൾപ്പെടെയുള്ള തുക നീക്കിബാക്കിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും ആകെ അടവാക്കിയ തുക എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ മുതലിനത്തിലും, പലിശയിനത്തിലും അടവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമല്ല. പഞ്ചായത്ത് ബാങ്കുമായി ഏർപ്പെട്ട കരാർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വായ്പയുടെ മുതൽ , പലിശ തിരിച്ചടവ് എന്നിവ എപ്രകാരമായിരിക്കണമെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പിഴ പലിശയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | വർഷം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | | രജിസ്റ്റർ പ്രകാരം ഓരോ വർഷത്തെയും അടവാക്കാനുള്ള ആകെ പലിശ |
|---|---|---|---|---|
| | | പലിശ | പിഴപലിശ | |
| 1 | 2015 - 16 | 962730 | 2065 | 964795 |
| 2 | 2016-17 | 1642992 | 18472 | 1661464 |
| 3 | 2017-18 | 1582266 | 16122 | 1598388 |
| 4 | 2018 -19 | 1372806 | 11280 | 1384086 |
| 5 | 2019 -20 | 1225046 | 15140 | 1240186 |
| 6 | 2020 - 21 | 1124464 | 25055 | 1149519 |
| 7 | 2021 -22 | 899170 | 24800 | 923970 |
| 8 | 2022 - 23 | 578071 | - | 510140 |

2022 – 23 ൽ വികസന ഫണ്ടിൽ ( ജനറൽ ) നിന്നും 12,89,860/- രൂപയും, തനത്ഫണ്ടിൽ നിന്നും 5,10,140/- രൂപയും( വൗച്ചർ നമ്പർ – 22200563/ 14.10.2022 ) ഉൾപ്പെടെ 18,00,000/- രൂപ വായ്പയിനത്തിൽ അടവാക്കിയിട്ടുണ്ട്. വായ്പ സംബന്ധിച്ച ഫയലുകൾ, കരാറുകൾ, തിരിച്ചടവിന്റെ ഇനം തിരിച്ചുള്ള ( വായ്പ/ മുതൽ) വിശദാംശങ്ങൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/ 30.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ബാങ്കുമായി ഒപ്പു വെച്ച കരാർ വ്യവസ്ഥകൾ പരിശോധിച്ച് മുതൽ , പലിശ എന്നിവ അടവാക്കിയതിൽ അപാകതകൾ സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ഓരോ വർഷവും വായ്പായിനത്തിൽ അടവാക്കിയ തുകകൾ മുതലിനത്തിൽ വരവ് വെച്ചതിന്റെയും പലിശയിനത്തിൽ വരവ് വെച്ചതിന്റെയും കൃത്യമായ വിവരങ്ങൾ ബാങ്കിൽ നിന്നും ലഭ്യമാക്കി പിഴ പലിശ അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും , വായ്പ രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. മേൽ അപാകതകൾ പരിശോധിച്ച് റിപ്പോർട്ടും, രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.15/30.10.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ചെലവ് തുക 18,00,000/- തടസ്സത്തിൽ വെക്കുന്നു.

## 1-21 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

വാർഷിക കണക്കുകൾ പ്രകാരം ടി.എ മുൻകൂർ ഇനത്തിൽ 12800/- രൂപ നിലവിലും ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകൂർ തുക മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നാണ് നിലവിലുള്ള നിർദേശം. എന്നാൽ ഈ നിർദേശം പാലിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു.

തുക ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ ക്രമീകരിക്കുന്ന കാര്യത്തിൽ KFC Vol 1, ആർട്ടിക്കിൾ 99 ന്റെ അടിസ്ഥാനത്തിൽ അധിക വിശദീകരണം നൽകിയ GO(P)419/11/Fin /Dated 04.10.2011 എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ, മുൻകൂർ തുക ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയവരുടെ കാര്യത്തിൽ പാലിക്കേണ്ടതാണ്. അർഹമായ പലിശ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 അതിദരിദ്രർക്ക് ഭക്ഷണകിറ്റ് വിതരണം പദ്ധതി-

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അതിദരിദ്രരായ ആളുകളെ സർവ്വേ മുഖേന കണ്ടെത്തി, അന്തിമമായി അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവരിൽ ഭക്ഷണസാധനങ്ങൾ ആവശ്യമുള്ളവർക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കി 70928 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-341/23 അതിദാരിദ്ര്യ സേവന പദ്ധതി-ഭക്ഷണം എത്തിച്ച് നൽകൽ,ഭക്ഷ്യ സാധനങ്ങൾ നൽകൽ (ജനറൽ) |
| **അടങ്കൽ** | ₹100000.00 (വികസന ഫണ്ട്-ജനറൽ)<br>₹50000.00 (തനത് ഫണ്ട്)<br>₹100000.00 (ജില്ലാ പഞ്ചായത്ത്)<br>ആകെ 250000.00 |
| **ചെലവ്** | ₹ 70928 (ബില്ല് റഫറൻസ് നമ്പർ-22180252020201520629 / 28/03/2023)<br>ആകെ - ₹ 70928 .00 |
| നിർവഹണം | ഐ.സി.ഡി.എസ്സ് സൂപ്പർ വൈസർ |

മൂന്ന് ബില്ലുകൾ മുഖേനയാണ് ഭക്ഷണകിറ്റുകൾ തയ്യാറാക്കുന്നതിനായി ഭക്ഷണ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.ബില്ലുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

**പട്ടിക 1**

| സി.നം | ബില്ല് നം/തീയതി | തുക |
|---|---|---|
| 1 | 1201106/22221 / 17-10-2022 | 10000.27 |
| 2 | 1201106/22586 / 25-03-2023 | 40977 |
| 3 | 1201106/22555 / 17-03-2023 | 19951 |
| ആകെ | | 70928.27 |

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുള്ള സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയല്ല വിതരണം നടത്തിയിട്ടുള്ളത്. 1201106/22221 / 17-10-2022 നമ്പർ ബില്ല് പ്രകാരം 5ാമതും 10ാമതും 11ാമതും യഥാക്രമം 720.22 രൂപ,551.92 രൂപ,152.52 രൂപ എന്നിങ്ങനെ ആകെ 1424.66 പണം നൽകി വാങ്ങിയിട്ടുള്ള സാധനങ്ങൾ ഏതൊക്കയാണെന്ന് ബില്ലിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല.അവ ഏതൊക്കയാണെന്ന് വ്യക്തമാക്കേണ്ടതാണ്.

2) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം വാങ്ങിയ, ബില്ലിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കാത്ത 1424.66 രൂപയുടേതൊഴികെയുള്ള സാധനങ്ങൾ താഴെ പറയും പ്രകാരമാണ് വാങ്ങിയിട്ടുള്ളത്

<u>പട്ടിക 2</u>

| സി.നം | ഭക്ഷണ സാധനം | ബില്ല് പ്രകാരമുള്ള അളവ് | | | ആകെ അളവ് |
|---|---|---|---|---|---|
| | | ബില്ല് നം | അളവ് (Kg) | തുക | |
| 1 | ചെറുപയർ | 1201106/22221 | 5 | 430 | 67.5 കി.ഗ്രാം |
| | | 1201106/22586 | 41 | 4223 | |
| | | 1201106/22555 | 21.5 | 2214 | |
| 2 | കടല | 1201106/22221 | 5 | 335 | 67.5 കി.ഗ്രാം |
| | | 1201106/22586 | 41 | 2747 | |
| | | 1201106/22555 | 21.5 | 1440 | |
| 3 | വൻപയർ | 1201106/22221 | 5 | 440 | 5 കി.ഗ്രാം |
| 4 | പരിപ്പ് | 1201106/22221 | 10 | 1060 | 10 കി.ഗ്രാം |
| 5 | വെളിച്ചെണ്ണ | 1201106/22221 | 10 ലിറ്റർ | 1548 | 71.5 ലിറ്റർ |
| | | 1201106/22586 | 41 ലിറ്റർ | 6209 | |
| | | 1201106/22555 | 20.5 ലിറ്റർ | 3060.25 | |
| 6 | പഞ്ചസാര | 1201106/22221 | 20 | 880 | 143 കി.ഗ്രാം |
| | | 1201106/22586 | 82 | 3649 | |
| | | 1201106/22555 | 41 | 1824.5 | |
| 7 | അരി | 1201106/22221 | 100 | 3500 | 100കി. ഗ്രാം |
| 8 | സാമ്പാർ പൗഡർ | 1201106/22221 | 10 പായ്ക്കറ്റ്(100gm) | 382.20 | 5.1 കി.ഗ്രാം |
| | | 1201106/22586 | 41 പായ്ക്കറ്റ്(100gm) | 1687.95 | |
| 9 | ഉലുവ | 1201106/22586 | 12.71 കി.ഗ്രാം | 1143 | 12.71 കി.ഗ്രാം |
| 10 | ചായപ്പൊടി | 1201106/22586 | 41 പായ്ക്കറ്റ് (500gm) | 5071.29 | 26.65 കി.ഗ്രാം |
| | | 1201106/22555 | 6.15 Kg | 1372.06 | |
| 11 | മുളക് പൊടി | 1201106/22586 | 70 പായ്ക്കറ്റ് (100 Gm) 6പൊയ്ക്കറ്റ് (200 Gm) | 2816.04 | 18.45 കി.ഗ്രാം |
| | | 1201106/22555 | 41 പായ്ക്കറ്റ് (250 ഗ്രാം) | 3797.43 | |
| 12 | മഞ്ഞൾപൊടി | 1201106/22586 | 41 പായ്ക്കറ്റ് (100 ഗ്രാം) | 802.99 | 8.2കി. ഗ്രാം |
| | | 1201106/22555 | 41 പായ്ക്കറ്റ് (100 ഗ്രാം) | 762.60 | |
| 13 | ചിക്കൻ മസാല | 1201106/22586 | 41പായ്ക്കറ്റ് (100 ഗ്രാം) | 1880.79 | 4.1കി. ഗ്രാം |
| 14 | ഇറച്ചി മസാല | 1201106/22586 | 43പായ്ക്കറ്റ് (100 ഗ്രാം) | 1773.98 | 4.3കി. ഗ്രാം |
| 15 | ഗോതമ്പ് റവ | 1201106/22586 | 41പായ്ക്കറ്റ് (500 ഗ്രാം) | 1559.92 | 20.5 കി.ഗ്രാം |
| 16 | അവിൽ | 1201106/22586 | 33പായ്ക്കറ്റ് (500 ഗ്രാം)<br>49 പായ്ക്കറ്റ് (400 ഗ്രാം) | 3615.33 | 36.1 കി.ഗ്രാം |
| 17 | സൺഫ്ലവർ ഓയിൽ | 1201106/22586 | 41പായ്ക്കറ്റ് (500 മി.ലി,) | 3279.49 | 20.5 ലിറ്റർ |

| | | | | | |
|---|---|---|---|---|---|
| 18 | ഉപ്പ് | 1201106/22586 | 41പായ്ക്കറ്റ് (1കി.ഗ്രാം) | 516.60 | 82 (കി.ഗ്രാം) |
| | | 1201106/22555 | 41പായ്ക്കറ്റ് (1കി.ഗ്രാം) | 516.60 | |
| 19 | ഉഴുന്ന് | 1201106/22555 | 21.5 കി.ഗ്രാം | 2365 | 21.5 (കി.ഗ്രാം) |
| 20 | മല്ലി പൊടി | 1201106/22555 | 41പായ്ക്കറ്റ് (250.ഗ്രാം) | 2596.83 | 10.25 (കി.ഗ്രാം) |
| ആകെ | | | | 69499.85 | |

ഫയലിനൊപ്പം ഹാജരാക്കിയ കൈപ്പറ്റ് രസീത് പ്രകാരം 17/01/2023,17/02/2023, 13/03/2023 എന്നീ തീയതികളിലാണ് ഭക്ഷണകിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത്.ഒരു കിറ്റിൽ ഏതൊക്കെ ഭക്ഷണ സാധനങ്ങളാണ്,ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഫയലില് രേഖപ്പെടുത്തിയിട്ടില്ല. ഫയലിനൊപ്പം ഹാജരാക്കിയ കൈപ്പറ്റ് രസീത് പ്രകാരം മൂന്ന് തവണയും **1)** വെളിച്ചെണ്ണ 500 മി.ലി, **2)** പഞ്ചസാര 1കി.ഗ്രാം, **3)** തേയില 150 ഗ്രാം,**4)** കടല 500 ഗ്രാം,**5)** വൻപയർ 500 ഗ്രാം,**6)** ഉഴുന്ന് 500 ഗ്രാം,**7)** മുളക്പൊടി 250 ഗ്രാം,**8)** മല്ലിപ്പൊടി 250 ഗ്രാം,**9)** മഞ്ഞൾപ്പൊടി 100 ഗ്രാം,**10)** ഉപ്പ് 1കി.ഗ്രാം എന്നീ സാധനങ്ങളാണ് വിതരണം നടത്തിയിട്ടുള്ളത്.

മൂന്ന് തവണകളായി ആകെ കൈപ്പറ്റ് രസീത് പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ അളവും ഓഡിറ്റിന് ഹാജരാക്കിയ ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ അളവും തമ്മിലുള്ള അന്തരം താഴെ പട്ടിക 3 ൽ നൽകുന്നു.

**പട്ടിക 3**

| സി.നം | സാധനങ്ങൾ | അളവ് | 41 ഗുണഭോക്താക്കൾക്ക് 3 തവണയായി വിതരണം നടത്തിയ ഭക്ഷണ സാധനങ്ങളുടെ ആകെ അളവ് (A) | പട്ടിക 2 പ്രകാരം വാങ്ങിയ സാധനങ്ങളുടെ അളവ് (B) | വ്യത്യാസം (B-A) |
|---|---|---|---|---|---|
| 1 | വെളിച്ചെണ്ണ | 500 മി.ലി | 61.5 ലിറ്റർ | 71.5 ലിറ്റർ | 10 ലിറ്റർ |
| 2 | പഞ്ചസാര | 1 കി.ഗ്രാം | 123 കി.ഗ്രാം | 143 കി.ഗ്രാം | 20 കി.ഗ്രാം |
| 3 | തേയില | 150 ഗ്രാം | 18.45 കി.ഗ്രാം | 26.65 കി.ഗ്രാം | 8.2 കി.ഗ്രാം |
| 4 | കടല | 500ഗ്രാം | 61.5കി.ഗ്രാം | 67.5കി.ഗ്രാം | 6 കി.ഗ്രാം |
| 5 | വൻപയർ | 500ഗ്രാം | 61.5കി.ഗ്രാം | 5 കി.ഗ്രാം | -56.5 കി.ഗ്രാം |
| 6 | ഉഴുന്ന് | 500ഗ്രാം | 61.5കി.ഗ്രാം | 21.5 കി.ഗ്രാം | -40 കി.ഗ്രാം |
| 7 | മുളക്പൊടി | 250 ഗ്രാം | 30.75കി.ഗ്രാം | 18.45 കി.ഗ്രാം | -12.3 കി.ഗ്രാം |
| 8 | മല്ലിപ്പൊടി | 250 ഗ്രാം | 30.75 കി.ഗ്രാം | 10.25 കി.ഗ്രാം | -20.5 കി.ഗ്രാം |
| 9 | മഞ്ഞൾപ്പെടി | 100 ഗ്രം | 12.3കി.ഗ്രാം | 8.2 കി.ഗ്രാം | -4.1 കി.ഗ്രാം |
| 10 | ഉപ്പ് | 1 കി.ഗ്രാം | 123കി.ഗ്രാം | 82കി.ഗ്രാം | -41 കി.ഗ്രാം |

കൂടാതെ പട്ടിക 2 ൽ പറഞ്ഞിട്ടുള്ള **സൺഫ്ലവർ ഓയിൽ,അവിൽ,ഗോതമ്പ് റവ,ഇറച്ചി മസാല,ചിക്കൻ മസാല,ഉലുവ,സാമ്പാർ പൗഡർ,അരി,പരിപ്പ്,ചെറുപയർ** എന്നിവ വിതരണം നടത്തിയതായും കാണുന്നില്ല. വാങ്ങിയതും വിതരണം നടത്തിയതുമായ സാധനങ്ങളുടെ കണക്കുകൾ യോജിക്കുന്നില്ലെന്നത് ചൂണ്ടിക്കാണിച്ച് നൽകിയ 30.10.2023 തീയതിയിലെ 12/2022-23 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല . നിരുത്തരപാദപരമായി പ്രൊജക്ട് നിർവ്വഹണം നടത്തിയതിനാലും, ആവശ്യ രേഖകൾ സൂക്ഷിക്കാത്തതിനാലും പ്രൊജക്ടിനായി ചെലവഴിച്ച 70928 രൂപ തടസ്സപ്പെടുത്തുന്നു. വിശദ വിവരങ്ങൾ ലഭ്യമാക്കാത്ത പക്ഷം തുക ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-23 പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ

പതിനാറ് വാർഡുകൾ ഉള്ള പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എഞ്ചീനീയർ മുഖേന നിർവഹണം നടത്തിയിയ പ്രോജക്ടുകളുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്ട് വിശദാംശങ്ങൾ | |
|---|---|---|
| 1 | സ്പിൽ ഓവർ പ്രോജക്ടുകൾ | 49 |
| 2 | തൽവർഷ പ്രോജക്ടുകൾ | 126 |
| 3 | ആകെ (1+2) | 175 |
| 4 | ആകെ അടങ്കൽ | 49715334 |
| 5 | നിർവഹണം നടത്തിയത് | 110 |
| 6 | ചെലവ് തുക | 27623402 |
| 7 | ചെലവ് ശതമാനം | 55 |
| 8 | നിർവഹണം നടത്താതിരുന്നത് | 65 (സ്പിൽ ഓവർ 32, പുതിയത് 33) |
| 9 | വിനിയോഗിക്കാതിരുന്ന തുക (4-6) | 22091932 |

**1) വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല.**

അസിസ്റ്റന്റ് എഞ്ചീനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 55 ശതമാനം മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 175 പ്രോജക്ടുകളിൽ 65 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്നും കാണുന്നു.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 2.2 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. 22091932 രൂപയുടെ വികസന സാധ്യതകൾ ഗ്രാമ പഞ്ചായത്തിലെ പൊതു സമൂഹത്തിന് നഷ്ടപെട്ടു എന്ന് വിലയിരുത്താവുന്നതാണ്. പ്രോജക്ടുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**2) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു.**

നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റവെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തിയക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ അനാസ്ഥ കാണിക്കുന്നതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നീരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ് സ്പിൽ ഓവർ വർക്കുകൾക്ക് കാരണമാവുന്നത്. ആകെയുള്ള 49 സ്പിൽ ഓവർ പ്രോജക്ടുകളിൽ 32 എണ്ണം ഇത്തവണയും പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

3) **ടെണ്ടർ നടപടികളിൽ സുതാര്യതയില്ല**

വിരലിലിലെണ്ണാവുന്ന പ്രവത്തികൾ മാത്രമാണ് ഇ ടെണ്ടർ മുഖേന നിർവഹണം നടത്തിയിട്ടുള്ളത്. മിക്ക പ്രോജക്ടുകളിലും രണ്ട് ടെണ്ടർ മാത്രമാണ് ലഭിക്കുന്നത്. രണ്ട് പേരിലധികം ടെണ്ടർ ലഭിച്ച പ്രോജക്ടുകളും വളരെ വിരളമാണ്. ഒരു പ്രവൃത്തിയിൽ മാത്രമാണ് ടെണ്ടർ ബിലോ നിരക്കിൽ ക്വോട്ട് ചെയ്തിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നിർവഹണം നടത്തണം എന്ന നിർദേശം പാലിച്ചിട്ടില്ല എന്ന് കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവഹണം നടത്തുന്ന എല്ലാ പ്രോജക്ടുകളും ഇ ടെണ്ടർ മുഖേന നിർവഹണം നടത്താനും മൽസര സ്വഭാവം നിലനിർത്തുന്നതിലും ജാഗ്രത പുലർത്തേണ്ടതാണ്. കരാറുകാർ അഡ്ജസ്റ്റ്മെന്റ് ടെണ്ടറുകൾ നൽകുകയും ഗ്രാമ പഞ്ചായത്ത് സമ്മർദ്ദത്തിലാവുന്നതുമായ പ്രവണത നിലനിൽക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

**4. ഫയലിങ്ങ് പൂർണമല്ല.**

പൊതു മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് , സെലക്ഷൻ മെമ്മോ , കരാർ കാലാവധി , Agreed PAC എന്നിവ വളരെ പ്രധാന്യം അർഹിക്കുന്ന സുപ്രധാന രേഖയാണ്. എന്നാൽ ഈ വിവരങ്ങൾ പൂർണമായും ഉൾപെടുത്തിയ

ഫയലുകൾ വളരെ വിരളമാണ് എന്ന് പ്രോജക്ട് ഫയലുകൾ വ്യക്തമാക്കുന്നു. പ്രൈസ് ത്രീ അല്ലാത്ത പ്രോജക്ട് ഫയലുകളിൽ ഈ രേഖകൾ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തി ഉള്ളടക്കം ചെയ്യേണ്ടതാണ്.

## 1-24 ചേരാൽ സ്കൂൾ കുന്ന് കടിവെള്ള പദ്ധതി - പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്ട് | 69/23 ചേരാൽ സ്കൂൾ കുന്ന് കടിവെള്ള പദ്ധതി |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ട് | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -10000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 1100000 |
| ചെലവ് | 687849 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 69/23 സ്പിൽ ഓവർ പ്രോജക്ട് ചേരാൽ സ്കൂൾ കുന്ന് കടിവെള്ള പദ്ധതി ഗ്രാമ പഞ്ചായത്തിലെ വാർഡ് 12 ലെ കടിവെള്ള ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ്. സേവന മേഖലയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 10000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം പതിനൊന്ന് ലക്ഷം രൂപയും ഉൾപ്പെടെ 11.1 ലക്ഷം രൂയാണ് വകയിരുത്തിയത്.

നിലവിലുള്ള കിണറിന് പമ്പ് ഹൗസ്, ടാങ്ക് , മോട്ടോർ, പ്ലാറ്റ് ഫോം, പമ്പിങ്ങ് മെയിൻ , വിതരണ ലൈൻ , കിണറിന് നെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (Est Id : 2022/9128) പ്രധാനമായും നാല് ഇനങ്ങളാണ് ഉൾപ്പെടുന്നത്.

A- പമ്പ് ഹൗസ് നിർമാണം -78812.48

B- ടാങ്ക് നിർമാണം - 274889.99

C- പമ്പിങ്ങ് മെയിൽ , വിതരണ ലൈൻ - 557237.12

D-മോട്ടോർ , വൈദ്യുതി കണക്ഷൻ (ലംപ്സം ) -80000 (GST 118912.75 , Round Off 147.66)

AE/LSGD/PP/144/21-22 Dated 03.03.2022 പ്രാകാരം കരാർ വെച്ച് ഇസ്മയിൽ .ടി എന്ന കരാറുകാരനാണ് പ്രവൃത്തി നിർവഹിക്കുന്നത്. ചെയ്ത ഇനങ്ങൾ അളവ് ബുക്ക് 291/21-22 ൽ രേഖപ്പെടുത്തി പാർട്ട് ബിൽ നൽകിയിട്ടുണ്ട്. അപ്പൻഡിക്സ് A, B എന്നിവ പ്രകാരമുള്ള ടാങ്ക് നിർമാണം, പമ്പിങ്ങ് മെയിൽ , വിതരണ ലൈൻ എന്നീ പ്രവൃത്തികൾ നിർവഹിക്കുകയും 674363.25 രൂപയുടെ മൂല്യനിർണയം നടത്തി (PAC 763431.23) റിടെൻഷൻ 67436 കുറവ് ചെയ്ത് , 80923 രൂപ നികുതി ഇനത്തിൽ ആഡ് ചെയ്ത് , 24280 രൂപ അർഹമായ നികുതികൾ കുറവ് ചെയത് 663569 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. (വൗച്ചർ : 130/27.03.2023- 687849) . പ്രവൃത്തിയുടെ ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി വെച്ച കരാർ പ്രകാരം 31.03.2023 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. അളവ് ബുക്ക് പേജ് 14 ൽ അവസാനമായി അളവ് രേഖപ്പെടുത്തിയത് 25.05.2022 നാണ്. തുടർന്ന് പ്രവൃത്തികൾ നിർവഹിച്ചതായ വിവരം അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പാർട്ട് ബിൽ നൽകിയ ശേഷം യാതൊരു രേഖപ്പെടുത്തലും അളവ് ബുക്കിൽ വരുത്തിയിട്ടില്ല . കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു.

2. GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % അധിക സമയം ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല എന്നാണ് നിലവിലുള്ള നിർദേശം. എന്നാൽ ഈ നിർദേശം പാലിച്ചിട്ടില്ല എന്ന് വർക്ക് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

പ്രവൃത്തി വൈകിയതിന് അർഹമായ പിഴ കരാറുകാരന് നൽകുന്ന ഫൈനൽ ബില്ലിൽ നിന്ന് കുറവ് വരുത്തി

പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3) പമ്പ് ഹൗസ് നിർമാണം ഒഴിവാക്കിയും പുതിയതായി 27 വാട്ടർ കണക്ഷൻ നൽകുന്നതിന് ആവശ്യമായ പൈപ്പ് , അനുബന്ധ വസ്തുക്കൾ എന്നിവ ഉൾപ്പെടുന്ന അധിക ഇനങ്ങൾ ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഇടയായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ , ഭരണ സമിതി അനുമതി നൽകുകയോ ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല

4) അവശേഷിച്ച പമ്പ് ഹൗസ് നിർമാണം, മോട്ടോർ സ്ഥാപിക്കൽ, വൈദ്യതി കണക്ഷൻ , ഹൗസ് കണക്ഷൻ എന്നിവ പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
അപാകത 22/30.10.2023 ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് സാധ്യമാവുന്ന വിധത്തിൽ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക 687849 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

ജി.ഐ. പൈപ്പ് ഉപയോഗിച്ച് പർലിൻ, റാഫ്റ്റർ എന്നിവ മാത്രം ഉൾപെടുന്ന പ്രവൃത്തികൾക്ക് DSR കോഡ് 10.16.1 പ്രകാരമുള്ള 169.88/kg നിരക്കാണ് (DSR 2018, Cost Index 36.44) നൽകിയിട്ടുള്ളത്. ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ വർക്കിന് Approved Observed Data 50.10.2 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. ഇത് പ്രകാരം 153.29/kg മാത്രമെ നിരക്ക് വരുന്നുള്ളൂ.

രണ്ട് പ്രവൃത്തികളും ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചു. രണ്ട് പ്രവൃത്തികളും സിംഗിൾ സെക്ഷൻ വർക്കുകൾ ആണെന്ന് വ്യക്തമായിട്ടുണ്ട്.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക @10.16.1 | നൽകാവുന്ന തുക @50.10.2 | അധികം |
|---|---|---|---|---|
| 210/23 പുളംചോലക്കുന്ന് സാംസ്കാരിക നിലയം ചുറ്റുമതിൽ , ഷീറ്റ് മേയൽ<br>കരാറുകാരൻ : അഷ്റഫ്. പി<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>ബിൽ : 76/28.3.2023 - തുക 275000<br>വൗച്ചർ : 78/28.3.2023 - തുക 19022 (തനത് ഫണ്ട് )<br>Est Id : 92703/2022<br>കരാർ AE/Lsgd/PP/46/13.01.2023<br>Dsr 2018, Cost Insex 36.44 % | 460.261/Kg | 78189.14<br>@169.88/Kg | 70553.4<br>@153.29/Kg | 7635.73 |
| 15/23 മഞ്ഞൂറ GLPS നവീകരണം<br>കരാറുകാരൻ : റഷീദ് . കെ<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ : 300000<br>ഫണ്ട് : MG നോൺ റോഡ്<br>ബിൽ : 100/29.03.2023 - തുക 268471<br>Est Id : 15804/2022<br>കരാർ AE/Lsgd/PP/20/19.12.2022<br>Dsr 2018, Cost Insex 36.44 % | 657.24 Kg | 111651.93<br>@169.88/Kg | 100748.31<br>@153.29/Kg | 10903.6 |
| | | | ആകെ | 18539.33 |

ഓഡിറ്റ് എൻക്വയറി 11 /28.10.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.കൂടുതൽ വെൽഡിങ്ങ് ആവശ്യമുള്ള പ്രവൃത്തി ആയതിനാലാണ് ഉയർന്ന നിരക്ക് നൽകിയത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറപടി നൽകി. അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ മേൽ വർക്കുകൾ സിംഗിൾ സെക്ഷൻ വർക്കുകളാണ് എന്ന് വ്യക്തമായിട്ടുണ്ട്. ആയതിനാൽ കൂടുതൽ വെൽഡിങ്ങ് ആവശ്യമുള്ള പ്രവൃത്തിയായിരുന്നു എന്ന മറുപടി അംഗീകരിക്കാനാവില്ല. ഇത്തരം പ്രവൃത്തികളിൽ പർലിൻ വർക്കിന് 50.10.2 എന്ന കോഡും , ബാക്കിയുള്ള പൈപ്പ് വർക്കുകൾക്ക് 50.10.1 കോഡും നൽകി നിരക്ക് ക്രമീകരിക്കുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-26 ബോട്ടിൽ ബൂത്ത് നിർമാണം അധിക നിരക്ക് നൽകി :-

72/23 സ്പിൽ ഓവർ പ്രോജക്ട് പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് നിർമിക്കുന്നതിനാണ്. നീളത്തിലും വീതിയിലും സപ്പോർട്ട് നൽകി നെറ്റ് ഉപയോഗിച്ച് വശങ്ങൾ കവർ ചെയ്താണ് ബോട്ടിൽ ബൂത്ത് നിർമിച്ചിട്ടുള്ളത് എന്ന് ഫയലിൽ ഉള്ളടക്കം ചെയ്ത ഫോട്ടോയിൽ നിന്ന് വ്യക്തമാവുന്നു. ഇതിനായി DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.

ഒരു ബോട്ടിൽ ബൂത്ത് നിർമിക്കുന്നതിനായി 19919.437 രൂപ ചെലവ് വന്നതായി വ്യക്തമാവുന്നു. സമാന പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന പരാമവധി നിരക്ക് 10.25.2 പ്രകാരമുള്ള കോഡാണ്. (ഗേറ്റ് , കിണർ നെറ്റ് എന്നിവക്ക് നൽകിവരുന്നതും ഈ നിരക്കാണ്.) അതേസമയം , നെറ്റിന് നിലവിൽ DSR ൽ നിരക്ക് പരാമർശിക്കാത്ത സാഹചര്യത്തിൽ നെറ്റിന് മാർക്കറ്റ് റേറ്റ് അടിസ്ഥാനപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ നൽകുകയും , Vertical , Horizontal Members ന് 10.25.2 കോഡ് ഉപയോഗിച്ച് നിരക്ക് നൽകിയും പ്രവൃത്തി നിർവഹിക്കാവുന്നതാണ്. എന്നാൽ അധിക നിരക്ക് രേഖപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയിട്ടുണ്ട് എന്ന് കാണുന്നു. **ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.** വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക @10.16.1 | നൽകാവുന്ന തുക @10.25.2 | അധികം |
|---|---|---|---|---|
| 72/23 പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ<br>കരാറുകാരൻ : സതീഷ് ജോയ്<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ : 400000<br>ഫണ്ട് : കേന്ദ്ര വിഹിതം<br>നിരക്ക് : 20.2 % Below (മാന്വൽ ടെണ്ടർ)<br>വൗച്ചർ : 1117/28.3.2023 - തുക 318711<br>Est Id : 2022/21631<br>കരാർ AE/Lsgd /PP/63/3.03.2022<br>Dsr 2018, Cost Insex 36.44 %<br>അളവ് ബുക്ക് | 1732.019/Kg | 294218.07<br>@169.87/Kg | 268688.1<br>@155.13/Kg | 25529.96<br>(കരാറുകാരൻ 20.2 % ബിലോ നിരക്കിൽ നിരക്ക് ക്വോട്ട് ചെയ്തതിനാൽ നഷ്ട തുക ₹ 20372.9) |

| | | | | |
|---|---|---|---|---|
| 388/21-22 | | | | |

ഓഡിറ്റ് എൻക്വയറി 19 /30.10.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

**1-27 മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ -എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു.**

324/23 മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ പ്രവൃത്തിയുടെ ഫൗണ്ടേഷൻ പ്രവൃത്തികൾക്കായി ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. 66 മീറ്റർ നീളത്തിൽ 0.8 മീറ്റർ വീതിയിലും, 0.4 മീറ്റർ ആഴത്തിലും മണ്ണ് എടുക്കുന്നതിനായിട്ടാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയത്.

MORD ഡാറ്റ പ്രകാരമുള്ള റോഡ് പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/m3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/m3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/m3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളൂ എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയതായി വ്യക്തമാവുന്നു.

ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം നടത്തേണ്ടതും ഡ്രയിനേജ് പോലുള്ള വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer ) | അധികം |
|---|---|---|---|---|
| 324/23 മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ : 300000 (MG - Road)<br>Estimate Id : 111146/2022<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - അഷ്റഫ്. പി<br>കരാർ : AE/lsgd/PP/47/22-23 /13.01.2023<br>ചെലവ് : 298345<br>ബിൽ നമ്പർ : 63/20.03.2023 | 20.576m3 | 15834.47<br>(@ 769.56/m3) | 1729.41<br>(നിരക്ക് 84.05/m3) | 14105 |

ഓഡിറ്റ് എൻക്വയറി 5/27.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. റോഡുകളുടെ വശത്ത് ഡ്രയിനേജ് നിർമിക്കുമ്പോൾ അതിർത്തി തർക്കങ്ങൾ നിലനിൽക്കുന്നതും, കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും , അതിർത്തിയിൽ ഉള്ള നിർമാണങ്ങൾ സംരക്ഷിച്ച് കൊണ്ടും വേണം മണ്ണ് നീക്കാൻ എന്നതിനാൽ നൽകിയ കോഡിൽ അപാകതയില്ല എന്നും 3.5.1, 3.5.2, 3.5.3 എന്നിവ മതിയാവില്ല എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മറുപടി വസ്തുതാപരമല്ല. കോഡ് 3.5.3 ൽ Trimming Bottom And Sides Slopes In Accordance With The Requirements Of Lines എന്ന് പരാമർശിക്കുന്നുണ്ട്. ഇത് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും ഉൾകൊള്ളുന്നുണ്ട്. സൈറ്റ് ഔട്ട് ചെയ്ത് വർക്ക് ചെയ്യേണ്ടതായി വരും എന്നതും അംഗീകരിക്കാനാവില്ല. വീടുകൾക്കും കെട്ടിടങ്ങൾക്കും മാത്രമാണ് സൈറ്റ് ഔട്ട് ചെയ്ത് കയർ കെട്ടി വർക്ക് ചെയ്യേണ്ടി വരിക .അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

**1-28 തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ - എർത്ത് വർക്കിന് അധിക നിരക്ക് നൽകി.**

30/23 തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ പ്രവൃത്തിയുടെ ഫൗണ്ടേഷൻ പ്രവൃത്തികൾക്കായി ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. 45 മീറ്റർ നീളത്തിൽ .9 മീറ്റർ വീതിയിലും, .3 മീറ്റർ ആഴത്തിലും മണ്ണ് എടുക്കുന്നതിനായിട്ടാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയത്. അളവ് ബുക്ക് പ്രാകരം ചെയ്തിട്ടുള്ളത് 29 X 1 X .3 = 8.7m3, 16 X 1 X .3 = 4.8m3 എന്ന അളവിലാണ്.

MORD ഡാറ്റ പ്രകാരമുള്ള റോഡ് പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാനുവൽ (അടിസ്ഥാന നിരക്ക് @218.5/m3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/m3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/m3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളു എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയതായി വ്യക്തമാവുന്നു.

ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം നടത്തേണ്ടതും ഡ്രയിനേജ് പോലുള്ള വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer ) | അധികം |
|---|---|---|---|---|
| 30/23 തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ<br>അടങ്കൽ : 300000 (MG - Road)<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 2021/69407<br>Cost Index 32.04%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - അഷ്റഫ്. കെ.സി<br>കരാർ : AE/lsgd/PP/65/21-22/27.11.2021<br>ചെലവ് : 88523 (Final Bill)<br>ബിൽ നമ്പർ : 05/11.08.2022 | 13.5m3 | 6630.66<br>(@ 491.16/m3) | 907.48<br>(നിരക്ക് 67.22/m3) | 5723 |

ഓഡിറ്റ് എൻക്വയറി 4/27.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. റോഡുകളുടെ വശത്ത് ഡ്രയിനേജ് നിർമിക്കുമ്പോൾ അതിർത്തി തർക്കങ്ങൾ നിലനിൽക്കുന്നതും, കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും , അതിർത്തിയിൽ ഉള്ള നിർമാണങ്ങൾ സംരക്ഷിച്ച് കൊണ്ടും വേണം മണ്ണ് നീക്കാൻ എന്നതിനാൽ നൽകിയ കോഡിൽ അപാകതയില്ല എന്നും 3.5.1, 3.5.2, 3.5.3 എന്നിവ മതിയാവില്ല എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മറുപടി വസ്തുതാപരമല്ല. കോഡ് 3.5.3 ൽ Trimming Bottom And Sides Slopes In Accordance With The Requirements Of Lines എന്ന് പരാമർശിക്കുന്നുണ്ട്. ഇത് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും ഉൾകൊള്ളുന്നുണ്ട്. സൈറ്റ് ഔട്ട് ചെയ്ത് വർക്ക് ചെയ്യേണ്ടതായി വരും എന്നതും അംഗീകരിക്കാനാവില്ല. വീടുകൾക്കും കെട്ടിടങ്ങൾക്കും മാത്രമാണ് സൈറ്റ് ഔട്ട് ചെയ്ത് കയർ കെട്ടി വർക്ക് ചെയ്യേണ്ടി വരിക . അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല.സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-29 ഗേറ്റ് നിർമാണം - അധിക നിരക്ക് നൽകി

14/23 തെങ്ങുമുണ്ട എൽ.പി സ്കൂൾ മെയിന്റെനൻസ് എന്ന പ്രവൃത്തിയിൽ ഗേറ്റ് നിർമാണത്തിനായി ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു.

ഗ്രാമ പഞ്ചായത്തിലെ അംഗനവാടികൾ , സ്കൂളുകൾ , സാംസ്കാരിക നിലയങ്ങൾ പോലുള്ള സ്ഥാപനങ്ങളുടെ ഗേറ്റ് നിർമിക്കുന്നതിനായി DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകി വരുന്നത് എന്ന് വ്യക്തമാവുന്നു. ഇത് സ്റ്റീൽ ഉപയോഗിച്ചുള്ള വർക്കുകളുടെ നിരക്കാണ്. ഗേറ്റ് പോലുള്ള DSR ഡാറ്റ പ്രകാരമുള്ള പ്രവൃത്തികൾക്ക് നിലവിൽ പ്രത്യേക

ഡാറ്റ ലഭ്യമാണ്. 10.25.2 (അടിസ്ഥാന നിരക്ക് @113.7/kg) പ്രകാരമുള്ള നിരക്കുകൾ അനുവദിക്കാവുന്നതാണ്. എന്നാൽ ഉയർന്ന നിരക്കുള്ള കോഡ് നൽകുന്നതായി എസ്റ്റിമേറ്റ് പരിശോധനയിൽ വ്യക്തമാവുന്നു.

ഗ്രാമ പഞ്ചായത്തിന്റെ മിക്ക പ്രവൃത്തികളിലും കുറഞ്ഞ അളവ് മാത്രമാണ് (Quantity) ചെയ്യുന്നത് എന്നതിനാൽ , വലിയ സാമ്പത്തിക നഷ്ടം വരുന്നില്ല. അതേ സമയം 14.738/kg രൂപയുടെ വ്യത്യാസം വരുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. അർഹമായ കോഡ് മാത്രം നൽകി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 20/30.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഡിസൈൻ പ്രോവിഷൻ ഉൾപ്പെടുത്തിയാണ് അധിക നിരക്ക് ഉള്ള കോഡ് നൽകിയത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മറുപടി അംഗീകരിക്കുന്നില്ല. ഗേറ്റിന് 10.25.2 കോഡ് നൽകിയാൽ മതിയാവുന്നതാണ്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ച് പിടിക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (10.16.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 10.25.2 ) | അധികം |
|---|---|---|---|---|
| SO.14/23 തെങ്ങുംമുണ്ട എൽ.പി സ്കൂൾ മെയിന്റെനൻസ്<br>അടങ്കൽ : 200000 (MG – Non Road) നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 2022/893<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>അളവ് ബുക്ക് : 412/21-22<br>കരാറുകാരൻ - മുഹമ്മദ് റഹനാസ് .എസ്.<br>കരാർ : AE/lsgd/PP/103/21-22 /27.01.2022<br>ചെലവ് : 180251 (Final Bill)<br>ബിൽ നമ്പർ : 08/22.08.2022 | 100.992kg | 17155.51<br>(@ 169.87/kg) | 15666.58<br>(നിരക്ക് 155.13) | 1489 |

## 1-30 ടോപ്പ് ബെൽറ്റ് കോൺക്രീറ്റിന് അധിക നിരക്ക് നൽകുന്നു.

റോഡ് സൈഡ് സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി ചെയ്യുന്ന കരിങ്കൽ കെട്ടിന് മുകളിൽ ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് 11.44 എന്ന ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. 11.4.3.1 എന്ന് കോഡ് പ്രകാരമുള്ള നിരക്കാണ് കമ്പി ഉപയോഗിക്കാതെ ചെയ്യുന്ന ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് അനുവദനീയമായിട്ടുള്ളത്. 11.44 എന്ന മോർഡ് ഡാറ്റ കമ്പി ഉപയോഗിച്ചുള്ള വർക്കുകൾക്ക് നൽകുന്ന നിരക്കാണ് എന്ന് ഡാറ്റ വിശകലനത്തിൽ വ്യക്തമാവുന്നു. ഒരു M3 പ്രവൃത്തിയിൽ അടിസ്ഥാന നിരക്കിൽ 193.39 രൂപയുടെ വ്യത്യാസം വരുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു.

104/23 മുള്ളംകണ്ടി റോഡ് സൈഡ് കെട്ടൽ എന്ന പ്രവൃത്തിയുടെ ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് വർക്കിന് ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ 7493.57/m3 നിരക്ക് മാത്രമാണ് നൽകിയിട്ടുള്ളത് എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

ഡാറ്റ വിശകലനം നടത്തേണ്ടതും ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് വർക്കിന് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.4.4 കോഡ് ) | നൽകാവുന്ന നിരക്ക് ( 11.4.3.1) | അധികം |
|---|---|---|---|---|
| 324/23 മഞ്ഞൂറ നമ്പര്യർമൂല റോഡ് സൈഡ് കെട്ടി സംരക്ഷിക്കൽ | 3.215m3 | 27786.34<br>(@ 8642.72/m3) | 26759.83<br>(നിരക്ക് | 1027 |

| | | | | |
|---|---|---|---|---|
| അടങ്കൽ : 300000 (MGR)<br>നിർവഹണം – അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 111146/2022<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - അഷ്റഫ് . പി<br>കരാർ : AE/lsgd/PP/47/22-23 /13.01.2023<br>ചെലവ് : 298345<br>ബിൽ നമ്പർ : 63/20.03.2023 | | | 8323.43/m3) | |
| 326/23 ചാത്തംകുന്ന് റോഡ് സൈഡ് സംരക്ഷണം<br>അടങ്കൽ : 350000 (MG-NR)<br>നിർവഹണം – അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 75/2023<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - ഇസ്മയിൽ .ടി<br>കരാർ : AE/lsgd/PP/98/22-23 /28.02.2023<br>ചെലവ് : 349180<br>ബിൽ നമ്പർ : 110/29.03.2023 | 1.825m3 | 15772.96<br>(@ 8642.72/m3)<br>(അടിസ്ഥാന നിരക്ക് 5235.07/m3) | 15190.26<br>(@ 8323.43/m3)<br>(അടിസ്ഥാന നിരക്ക് 5041.68/m3) | 583 |
| | | | ആകെ | 1610 |

ഓഡിറ്റ് എൻക്വയറി 6/27.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ PCC, RCC എന്നിവക്ക് പൊതുവായി നൽകാവുന്നതാണ് 11.4.4 കോഡ് എന്നും ടോപ്പ് ബെൽറ്റിന് മികച്ച ഫിനിഷിങ്ങ് ആവശ്യമായതിനാലാണ് ഉയർന്ന നിരക്ക് നൽകിയത് എന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. 11.4.3.1 കോഡിൽ PCC എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. 11.4.4 കോഡിൽ RCC എന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ടോപ്പ് ബെൽറ്റിന് ഫിനിഷിങ്ങ് ആവശ്യമായിരുന്നു എന്ന നിലപാടും അംഗീകരിക്കുന്നില്ല. ടോപ്പ് ബെൽറ്റിന് മുകളിൽ മറ്റ് നിർമാണ പ്രവൃത്തികൾ ആവശ്യമില്ലാത്തതിനാൽ ഫിനിഷിങ്ങ് എന്ന ഘടകം പ്രസക്തമല്ല. അർഹമായ നിരക്കുകൾ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 24(3) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ ആയതിന് മുൻപ് കെട്ടിട ഉടമസ്ഥൻ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നെങ്കിൽ ചുമത്തപ്പെടാമായിരുന്ന വസ്തു നികുതി നൽകുന്നതിന് കെട്ടിട ഉടമ ബാധ്യസ്ഥനമാണ്.

കെട്ടിടങ്ങൾ പൊളിച്ച് നീക്കിയ ശേഷമാണ് കെട്ടിട നികുതി ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ കെട്ടിട ഉടമകൾ അപേക്ഷ നൽകിയിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമാവുന്നു . ചട്ടം 24(3) ൽ നിർദേശിക്കുന്ന പ്രകാരം കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ, വസ്തു നികുതി ഈടാക്കിയ ശേഷം മാത്രം കെട്ടിടത്തെ നികതിയിൽ നിന്ന് ഒഴിവാക്കുന്നതാണ് ശരിയായ രീതി എന്നാണ് ചട്ടപ്രകാരമുള്ള നടപടി. എന്നാൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ മേൽ വസ്തുത പരിഗണിക്കാതെ മുൻ കാല പ്രാബല്യത്തോടെ കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഏതാനും ഉദ്ദാഹരണങ്ങൾ താഴെ നൽകുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | അപേക്ഷയും അപേക്ഷ ലഭിച്ച തീയ്യതിയും | വാർഷിക കെട്ടിട നികുതി | നികുതിയിളവ് നൽകേണ്ടിയിരുന്ന കാലയളവ് | നികുതിയിളവ് നൽകിയ കാലയളവ് | നികുതിയിനത്തിലെ നഷ്ടം |
|---|---|---|---|---|---|---|
| 14/404 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/405 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/406 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/407 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/408 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 473 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 236 |
| 14/409 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 693 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 346 |
| 14/410 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 693 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 346 |
| 14/411 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 693 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 346 |
| 14/413 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 341 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 170 |
| 14/414 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 433 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 216 |
| 14/415 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 433 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 216 |
| 14/416 | ടി.കെ.ഇബ്രാഹിം ഹാജി | 2163/2023 / 30/03/2023 | 433 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 216 |
| 11/210 | പാത്തു അമ്പിളികുന്നേൽ | 7544/2022 /10/10/2022 | 206 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ | 103 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വർഷം | |
| 11/214 | പാത്തു അമ്പിളികുന്നേൽ | 7544/2022 /10/10/2022 | 320 | 2023-24 ഒന്നാം അർദ്ധ വർഷം | 2022-23 രണ്ടാം അർദ്ധ വർഷം | 160 |
| ആകെ നഷ്ടം | | | | | | 3299 |

ഇപ്രകാരം നികുതി ഒഴിവാക്കി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 30.10.2023 തീയതിയിലെ 18/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 3299 രൂപ വരവിനത്തിലെ നഷ്ടമായി വിലയിരുത്തുന്നു. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ബാധ്യത സെക്രട്ടറിയിൽ ചുമത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആർട്കോ മുഖേന പ്രോജക്ട് നിർവഹണം - അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം തയ്യാറാക്കിയ 197/21 പ്രോജക്ട് ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫർണിച്ചർ സപ്ളെ ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്. ഇതേ പ്രോജക്ട് 285/22 സ്പിൽ ഓവറായി തുടർന്നുള്ള വർഷം ഉൾപെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് , 75/23 സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | SO 75/23 പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ |
| ഫണ്ട് | തനത് ഫണ്ട് |
| വകയിരുത്തിയ തുക | ₹ 1700000 |
| ചെലവ് തുക | ₹ 1699958 |

നിലവിലുള്ള പഞ്ചായത്ത് കെട്ടിടത്തോട് ചേർന്ന് നിർമിച്ച കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റുന്നതിനായിട്ടാണ് വർക്കുകൾ പ്രപ്പോസ് ചെയ്തിട്ടുള്ളത് . പ്രധാനമായും പാർട്ടീഷൻ വർക്കുകൾ, ജീവനക്കാർക്കായുള്ള എക്സിക്യൂട്ടീവ് ടേബിൾ, ഓഫീസ് ഷെൽഫ് , എക്സിക്യൂട്ടീവ് ചെയർ എന്നിവയാണ് പ്രോജക്ടിന്റെ ഭഗമായി ഉൾപെടുന്ന ഇനങ്ങൾ.

അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോ മുഖേനയാണ് പ്രോജക്ട് നിർവഹണം നടത്തുന്നത്. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , ആർട്ട്കോ സമർപ്പിച്ച 4246/22.09.2020 പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള വർക്കുകൾ നിർവഹിക്കാൻ സെക്രട്ടറി Sc3/4365/20/31.12.2020 കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. പ്രവൃത്തി പൂർത്തിയാക്കുകയും ഫർണിഷിങ്ങ് വർക്കുകളുടെ ഇൻവോയസ് KKD736/13.09.2021 പ്രകാരം ലഭ്യമാക്കുകയും ഇൻവോയ്സ് തുകയായ 1699958 രൂപ അനുവദിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

എന്നാൽ , പ്രവൃത്തിയിൽ അപാകതകൾ ഉണ്ട് എന്നും ഗുണനിലവാരം ഇല്ല എന്നും പരാതി ഉയരുകയും ചെയ്തു. പ്രവൃത്തിയുടെ തുക അനുവദിച്ച് കിട്ടാൻ ആർട്ക്കോ ഹൈക്കോടതിയിൽ WP(C)28038/2022 കേസ് ഫയൽ ചെയ്യുകയും , കോടതി വിധിയുടെ ഫലമായി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് മീനങ്ങാടിയിലെ വർക്ക്ഷോപ്പ് സൂപ്രണ്ടിന്റെ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽ നിന്ന് UTR 030986470241/ പ്രകാരം അർഹമായ നികുതികൾ കുറവ് ചെയ്ത് 1642325 രൂപ ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തു. (ചെക്ക് 14728/31.01.2023)

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ആസൂത്രണത്തിൽ പിഴവുകൾ

ഗ്രാമ പഞ്ചായത്ത് ഓഫീസ് , അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എന്നിവ സ്ഥപരിമിതിയാൽ പ്രയാസപ്പെടുന്ന അവസ്ഥയിലാണ്. സമാന്തരമായി നിർമിച്ച കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റേണ്ടത് അനിവാര്യമാണ്. ആർട്ട്കോ മുഖേന ചെയ്ത വർക്കുകൾ ഫിനിഷിങ്ങ് വർക്കുകളാണ്. എന്നാൽ , അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ പൂർത്തിയാക്കിയ ശേഷമാണ് ഇത്തരം ഫിനിഷിങ്ങ് ഫർണിഷിങ്ങ് പ്രവൃത്തികൾ നിർവഹിക്കേണ്ടത്. എന്നാൽ പെയിന്റിങ്ങ് , വയറിങ്ങ് , നെറ്റ്‌വർക്കിങ്ങ് എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാതെ വളരെ ധൃതിപ്പെട്ട് ഫർണിഷിങ്ങ് വർക്കുകൾ നിർവഹിച്ചത് ഗുരുതര പിഴവായി വിലയിരുത്തുന്നു. പ്രവൃത്തികളുടെ മുൻഗണനാക്രമം പാലിക്കാതെയാണ് ഫർണിഷിങ്ങ് പ്രവൃത്തികൾ ആസൂത്രണം ചെയ്തത് എന്ന് വിലയിരുത്തുന്നു. ഫർണിഷിങ്ങ് പ്രവൃത്തികൾ ധൃതിപ്പെട്ട് നിർവഹണം നടത്തിയത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

2. ഫർണിച്ചറുകൾ ഉപയോഗപ്പെടുത്തുന്നില്ല.

പ്രോജക്റ്റിന്റെ ഭാഗമായി ചെയ്ത ഫർണിഷിങ്ങ് വർക്കുകൾ പൂർത്തിയാക്കിയിട്ട് വർഷം രണ്ട് വർഷം കഴിഞ്ഞു. എന്നാൽ , ഈ ഫർണിഷിങ്ങ് വർക്കുകളുടെ ഭാഗമായി ചെയ്ത ഒരു ഫർണിച്ചറും നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല എന്ന വസ്തുത പ്രോജക്റ്റ് ആസൂത്രണത്തിലെയും രൂപീകരണത്തിലെയും നിർവഹണത്തിലെയും പാളിച്ചകൾ വ്യക്തമാക്കുന്നു. മാത്രമല്ല, പ്ലൈവുഡ് ലാമിനേറ്റ് ചെയ്ത് നിർമിച്ച എക്സിക്യൂട്ടീവ് ടേബിളുകളുടെ വശങ്ങൾ പലയിടത്തും ലാമിനേഷൻ പൊളിഞ്ഞ് തുടങ്ങുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഉപയോഗിക്കാതെ നശിക്കുന്ന ഫർണിഷിങ്ങ് വർക്കുകൾ ആസൂത്രമമില്ലായ്മയുടെ അടയാളമായി അവശേഷിക്കുന്നു.

3. മെഷർമെൻറ് പരിശോധിച്ചില്ല

പരാതിയുടെയും തുടർന്നുണ്ടായ വിജിലൻസ് ഏൻക്വയറിയുടെയും , കോടതി വിധിയുടെയും അടിസ്ഥാനത്തിൽ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് മീനങ്ങാടിയിലെ വർക്ക്ഷോപ്പ് സൂപ്രണ്ടിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. ചെയ്ത വർക്കുകളും , അസംബിൾ ചെയ്ത ഫർണിച്ചറുകളും ഗുണ നിലവാരം ഉള്ളവയാണ് എന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. തുക അനുവദിക്കുന്നതിന് മുമ്പ് Qualitative And Quantitative പരിശോധന നടത്തേണ്ടത് / നടത്താൻ സൗകര്യം എർപ്പെടുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ചുമതലയാണ്. എന്നാൽ ആർട്ട്കോ ചെയ്ത ഫർണിഷിങ്ങ് പ്രവൃത്തികൾ ഇൻവോയ്സ് പ്രകാരമുള്ള അളവുകളിൽ ചെയ്തിട്ടുണ്ട് എന്ന Quantitative പരിശോധന നടത്തിയിട്ടില്ല. മൂന്നാമതൊരു ഏജൻസിക്ക് പരിശോധിക്കാവുന്ന വിധത്തിൽ നീളം , വീതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ അളവുകൾ നിർവഹണം നടത്തിയ ഏജൻസി ലഭ്യമാക്കുകയോ , പരിശോധന നടത്തിയ വർക്ക്ഷോപ്പ് സൂപ്രണ്ടിന്റെ പരിഗണക്ക് വരികയോ ചെയ്തിട്ടില്ല എന്ന് വിലയിരുത്തുന്നു. ആർട്ട്കോ നൽകിയ ഇൻവോയ്സ് പ്രകാരം 138 .082m2 അളവിൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് ഉറപ്പ് വരുത്താവുന്ന വിധത്തിലുള്ള അളവുകളുടെ വിവരം ലഭ്യമാവാത്തതിനാൽ ചെയ്ത പ്രവൃത്തികളുടെ അളവുകളുടെ ആധികാരികത ഉറപ്പ് വരുത്താനാവില്ല. ക്ഷമതയുള്ള എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തി ചെയ്ത അളവുകളുടെ കൃത്യത പരിശോധിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

4. ഭരണ സമിതിയുടെ 9/135/20 Dated 14.08.2020 തീരുമാനത്തിലാണ് ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് ആർട്ക്കോക്ക് വർക്ക് ഓർഡർ നൽകാൻ തീരുമാനിക്കുന്നത്. ഫിനിഷിങ്ങ് സ്വഭാവത്തിലുള്ള വർക്ക് നിർവഹിക്കാവുന്ന വിധത്തിൽ മറ്റ് അടിസ്ഥാന സംവിധാനങ്ങൾ നിലവിവുണ്ടോ എന്നത് സംബന്ധിച്ച യാതൊരു വിശകലനവും ഭരണ സമിതി നടത്തിയിട്ടില്ല എന്നും ഫിനിഷിങ്ങ് വർക്കുകൾ നടത്താൻ പാകമായിട്ടില്ല എന്ന യാഥാർഥ്യം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഭരണ സമിതിയെ അറിയിക്കുകയോ ചെയ്തിട്ടില്ല എന്ന് ഭരണ സമിതി മിനുട്സ് വ്യക്തമാക്കുന്നു. പ്രോജക്റ്റ് പ്രപ്പോസ് ചെയ്യുന്നതിലും , ഭരണ സമിതിയുടെ അനുമതി വാങ്ങുന്നതിലും , പ്രോജക്റ്റിന് അനുമതി നൽകുന്നതിലും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനാവശ്യമായ ധൃതി കാണിച്ചു എന്ന് വ്യക്തമാണ്. സെക്രട്ടറിയുടെ നടപടി കാരണമാണ് 16.42 ലക്ഷം രൂപ പ്രയോജനപ്പെടുത്താനാവാത്ത വിധത്തിൽ മുടങ്ങി കിടക്കുന്നത് എന്നത് ഗുരുതര സ്വഭാവമുള്ളതാണ്. സെക്രട്ടറി ശ്രീ എൻ.എ ജയരാജൻ, എന്നവരുടെ നടപടി വകുപ്പ് തല അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

5. പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് അധിക തുക ഈടാക്കി.

ആർട്ട്കോയുടെ ഇൻവോയ്സ് ക്രമ നമ്പർ 2, 7, 16, 31 എന്നിവ പ്രകാരം 7.77m2 അളവിൽ ലാമിനേറ്റഡ് പ്ലൈവുഡ് ഉപയോഗിച്ച് ഡോർ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് PTM1 എന്ന സീരിയൽ നമ്പർ രേഖപ്പെടുത്തി 8870/m2 രൂപയാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്.സർക്കാർ അംഗീകരിച്ച റേറ്റ് ചാർട്ടിൽ ഇല്ലാത്ത ഇനം എന്ന നിലയിലാണ് നിരക്ക് , കോഡ് എന്നിവ നൽകിയിട്ടുള്ളത്. എന്നാൽ വിശദമായ പരിശോധനയിൽ ഇൻവോയ്സിലെ ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള നിരക്ക് മാത്രമാണ് ഡോർ സ്ഥാപിക്കുന്നതിന് ബാധകം എന്ന് വ്യക്തമാവുന്നു. പാർട്ടിഷന് വേണ്ടി ഉപയോഗിക്കുന്ന അതേ മെറ്റീരിയലുകളാണ് ഇവിടെയും ഉപയോഗിക്കുന്നത്. മെറ്റൽ സ്ക്രൂ, Stainless Steel സ്ക്രൂ, Stainless Steel ക്ലാമ്പ് ,ഇച്ചിങ്ങ് ചെയ്ത ഗ്ലാസ് എന്നിവ ഉൾപെടുന്ന പാർട്ടിഷൻ വർക്കിൽ നിന്ന് പ്രകടമായ യാതൊരു വ്യത്യാസവും ഡോർ സ്ഥാപിക്കുന്നതിന് വരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. ഡോർ സ്ഥാപിക്കുന്നതിന് ലാമിനേറ്റഡ് പ്ലൈവുഡിന് പുറമെ Stainless Steel Inches, Lock, Handle എന്നിവ മാത്രമാണ് ഉൾപെടുന്നത്. ഇതിൽ തന്നെ ഹാന്റിൽ സ്ഥാപിച്ചിട്ടില്ല. സർക്കാർ അംഗീകൃത നിരക്കായ (Uf1882) 7091/m2 നിലവിലുണ്ടായിരിക്കെ , ഗ്രാമ പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് ഉയർന്ന നിരക്ക് ഈടാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ആർട്ട്കോയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി / ഇനം | അളവ് | അനുവദിച്ച തുക @8870 | അർഹമായ തുക @7091 | അധികം |
|---|---|---|---|---|
| ഇൻവോയ്സ് ക്രമ നമ്പർ 2, 7,16, 31 | 7.77/m2 | 68919.9 | 55097.07 | 13822.8 |

ഓഡിറ്റ് എൻക്വയറി 13/30.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-2 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

ജി.ഐ. പൈപ്പ് ഉപയോഗിച്ച് പർലിൻ, റാഫ്റ്റർ എന്നിവ മാത്രം ഉൾപെടുന്ന പ്രവൃത്തികൾക്ക് DSR കോഡ് 10.16.1 പ്രകാരമുള്ള 169.88/kg നിരക്കാണ് (DSR 2018, Cost Index 36.44) നൽകിയിട്ടുള്ളത്. ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ വർക്കിന് Approved Observed Data 50.10.2 പ്രകാരമുള്ള നിരക്ക് മാത്രമെ നൽകേണ്ടതുള്ളൂ. ഇത് പ്രകാരം 153.29/kg മാത്രമെ നിരക്ക് വരുന്നുള്ളൂ.

രണ്ട് പ്രവൃത്തികളും ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചു. രണ്ട് പ്രവൃത്തികളും സിംഗിൾ സെക്ഷൻ വർക്കുകൾ ആണെന്ന് വ്യക്തമായിട്ടുണ്ട്.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക @10.16.1 | നൽകാവുന്ന തുക @50.10.2 | അധികം |
|---|---|---|---|---|
| 210/23 പുളംചോലക്കുന്ന് സാംസ്കാരിക നിലയം ചുറ്റുമതിൽ , ഷീറ്റ് മേയൽ<br>കരാറുകാരൻ : അഷ്റഫ്. പി<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>ബിൽ : 76/28.3.2023 - തുക 275000<br>വൗച്ചർ : 78/28.3.2023 - തുക 19022 (തനത് ഫണ്ട് )<br>Est Id : 92703/2022<br>കരാർ AE/Lsgd/PP/46/13.01.2023<br>Dsr 2018, Cost Insex 36.44 % | 460.261/Kg | 78189.14<br>@169.88/Kg | 70553.4<br>@153.29/Kg | 7635.73 |
| 15/23 മഞ്ഞൂറ GLPS നവീകരണം<br>കരാറുകാരൻ : റഷീദ് . കെ<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ : 300000<br>ഫണ്ട് : MG നോൺ റോഡ്<br>ബിൽ : 100/29.03.2023 - തുക 268471<br>Est Id : 15804/2022<br>കരാർ AE/Lsgd/PP/20/19.12.2022<br>Dsr 2018, Cost Insex 36.44 % | 657.24 Kg | 111651.93<br>@169.88/Kg | 100748.31<br>@153.29/Kg | 10903.6 |
| | | | ആകെ | 18539.33 |

ഓഡിറ്റ് എൻക്വയറി 11 /28.10.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-3 ബോട്ടിൽ ബൂത്ത് നിർമാണം അധിക നിരക്ക് നൽകി :-

72/23 സ്പിൽ ഓവർ പ്രോജക്ട് പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് നിർമിക്കുന്നതിനാണ്. നീളത്തിലും വീതിയിലും സപ്പോർട്ട് നൽകി നെറ്റ് ഉപയോഗിച്ച് വശങ്ങൾ കവർ ചെയ്താണ് ബോട്ടിൽ ബൂത്ത് നിർമിച്ചിട്ടുള്ളത് എന്ന് ഫയലിൽ ഉള്ളടക്കം ചെയ്ത ഫോട്ടോയിൽ നിന്ന് വ്യക്തമാവുന്നു. ഇതിനായി DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.

ഒരു ബോട്ടിൽ ബൂത്ത് നിർമിക്കുന്നതിനായി 19919.437 രൂപ ചെലവ് വന്നതായി വ്യക്തമാവുന്നു. സമാന പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന പരാമവധി നിരക്ക് 10.25.2 പ്രകാരമുള്ള കോഡാണ്. (ഗേറ്റ് , കിണർ നെറ്റ് എന്നിവക്ക് നൽകിവരുന്നതും ഈ നിരക്കാണ്.) അതേസമയം , നെറ്റിന് നിലവിൽ DSR ൽ നിരക്ക് പരാമർശിക്കാത്ത

സാഹചര്യത്തിൽ നെറ്റിന് മാർക്കറ്റ് റേറ്റ് അടിസ്ഥാനപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ നൽകുകയും , Vertical , Horizontal Members ന് 10.25.2 കോഡ് ഉപയോഗിച്ച് നിരക്ക് നൽകിയും പ്രവൃത്തി നിർവഹിക്കാവുന്നതാണ്. എന്നാൽ അധിക നിരക്ക് രേഖപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയിട്ടുണ്ട് എന്ന് കാണുന്നു. **ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.** വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക @10.16.1 | നൽകാവുന്ന തുക @10.25.2 | അധികം |
|---|---|---|---|---|
| 72/23 പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ<br>കരാറുകാരൻ : സതീഷ് ജോയ്<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ : 400000<br>ഫണ്ട് : കേന്ദ്ര വിഹിതം<br>നിരക്ക് : 20.2 % Below (മാന്വൽ ടെണ്ടർ)<br>വൗച്ചർ : 1117/28.3.2023 - തുക 318711<br>Est Id : 2022/21631<br>കരാർ AE/Lsgd /PP/63/3.03.2022<br>Dsr 2018, Cost Insex 36.44 %<br>അളവ് ബുക്ക് 388/21-22 | 1732.019/Kg | 294218.07<br>@169.87/Kg | 268688.1<br>@155.13/Kg | 25529.96<br>(കരാറുകാരൻ 20.2 % ബിലോ നിരക്കിൽ നിരക്ക് ക്വോട്ട് ചെയ്തതിനാൽ നഷ്ട തുക ₹ 20372.9) |

ഓഡിറ്റ് എൻക്വയറി 19 /30.10.2023 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 3-4 മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ -എർത്ത് വർക്കിന് അധിക നിരക്ക് നൽകുന്നു.

324/23 മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ പ്രവൃത്തിയുടെ ഫൗണ്ടേഷൻ പ്രവൃത്തികൾക്കായി ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. 66 മീറ്റർ നീളത്തിൽ 0.8 മീറ്റർ വീതിയിലും, 0.4 മീറ്റർ ആഴത്തിലും മണ്ണ് എടുക്കുന്നതിനായിട്ടാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയത്.

MORD ഡാറ്റ പ്രകാരമുള്ള റോഡ് പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/m3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/m3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/m3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളൂ എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയതായി വ്യക്തമാവുന്നു.

ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം നടത്തേണ്ടതും ഡ്രയിനേജ് പോലുള്ള വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം

വ്യക്തമാക്കേണ്ടതുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer ) | അധികം |
|---|---|---|---|---|
| 324/23 മഞ്ഞൂറ നമ്പ്യാർമൂല റോഡ് സൈഡ് കെട്ടൽ<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>അടങ്കൽ : 300000 (MG - Road)<br>Estimate Id : 111146/2022<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - അഷ്‌റഫ്. പി<br>കരാർ : AE/lsgd/PP/47/22-23 /13.01.2023<br>ചെലവ് : 298345<br>ബിൽ നമ്പർ : 63/20.03.2023 | 20.576m3 | 15834.47<br>(@ 769.56/m3) | 1729.41<br>(നിരക്ക് 84.05/m3) | 14105 |

ഓഡിറ്റ് എൻക്വയറി 5/27.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-5 തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ - എർത്ത് വർക്കിന് അധിക നിരക്ക് നൽകി.

30/23 തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ പ്രവൃത്തിയുടെ ഫൗണ്ടേഷൻ പ്രവൃത്തികൾക്കായി ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. 45 മീറ്റർ നീളത്തിൽ .9 മീറ്റർ വീതിയിലും, .3 മീറ്റർ ആഴത്തിലും മണ്ണ് എടുക്കുന്നതിനായിട്ടാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയത്. അളവ് ബുക്ക് പ്രാകരം ചെയ്തിട്ടുള്ളത് 29 X 1 X .3 = 8.7m3, 16 X 1 X .3 = 4.8m3 എന്ന അളവിലാണ്.

MORD ഡാറ്റ പ്രകാരമുള്ള റോഡ് പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/m3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/m3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/m3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളൂ എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ , പാലം ,കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് നൽകിയതായി വ്യക്തമാവുന്നു.

ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം ഉയർത്തുന്നില്ല. ഡാറ്റ വിശകലനം നടത്തേണ്ടതും ഡ്രയിനേജ് പോലുള്ള വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.1.1.1 കോഡ് ) | നൽകാവുന്ന നിരക്ക് ( 3.5.2 Dozer ) | അധികം |
|---|---|---|---|---|
| 30/23 തിരുവങ്ങാടൻ യൂസഫ് പടി റോഡ് സൈഡ് കെട്ടൽ<br>അടങ്കൽ : 300000 (MG - Road)<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 2021/69407<br>Cost Index 32.04% | 13.5m3 | 6630.66<br>(@ 491.16/m3) | 907.48<br>(നിരക്ക് 67.22/m3) | 5723 |

| | | | | |
|---|---|---|---|---|
| നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - അഷ്റഫ്. കെ.സി<br>കരാർ : AE/lsgd/PP/65/21-22/27.11.2021<br>ചെലവ് : 88523 (Final Bill)<br>ബിൽ നമ്പർ : 05/11.08.2022 | | | | |

ഓഡിറ്റ് എൻക്വയറി 4/27.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-6 ഗേറ്റ് നിർമാണം - അധിക നിരക്ക് നൽകി

14/23 തെങ്ങുംമുണ്ട എൽ.പി സ്കൂൾ മെയിന്റെനൻസ് എന്ന പ്രവൃത്തിയിൽ ഗേറ്റ് നിർമാണത്തിനായി ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു.

ഗ്രാമ പഞ്ചായത്തിലെ അംഗനവാടികൾ , സ്കൂളുകൾ , സാംസ്കാരിക നിലയങ്ങൾ പോലുള്ള സ്ഥാപനങ്ങളുടെ ഗേറ്റ് നിർമിക്കുന്നതിനായി DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകി വരുന്നത് എന്ന് വ്യക്തമാവുന്നു. ഇത് സ്റ്റീൽ ഉപയോഗിച്ചുള്ള വർക്കുകളുടെ നിരക്കാണ്. ഗേറ്റ് പോലുള്ള DSR ഡാറ്റ പ്രകാരമുള്ള പ്രവൃത്തികൾക്ക് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 10.25.2 (അടിസ്ഥാന നിരക്ക് @113.7/kg) പ്രകാരമുള്ള നിരക്കുകൾ അനുവദിക്കാവുന്നതാണ്. എന്നാൽ ഉയർന്ന നിരക്കുള്ള കോഡ് നൽകുന്നതായി എസ്റ്റിമേറ്റ് പരിശോധനയിൽ വ്യക്തമാവുന്നു.

ഗ്രാമ പഞ്ചായത്തിന്റെ മിക്ക പ്രവൃത്തികളിലും കുറഞ്ഞ അളവ് മാത്രമാണ് (Quantity) ചെയ്യുന്നത് എന്നതിനാൽ , വലിയ സാമ്പത്തിക നഷ്ടം വരുന്നില്ല. അതേ സമയം 14.738/kg രൂപയുടെ വ്യത്യാസം വരുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. അർഹമായ കോഡ് മാത്രം നൽകി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 20/30.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ച് പിടിക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (10.16.1 കോഡ്) | നൽകാവുന്ന നിരക്ക് ( 10.25.2 Dozer ) | അധികം |
|---|---|---|---|---|
| SO.14/23 തെങ്ങുംമുണ്ട എൽ.പി സ്കൂൾ മെയിന്റെനൻസ്<br>അടങ്കൽ : 200000 (MG – Non Road)<br>നിർവഹണം : അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 2022/893<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>അളവ് ബുക്ക് : 412/21-22<br>കരാറുകാരൻ - മുഹമ്മദ് റഹനാസ് .എസ്.<br>കരാർ : AE/lsgd/PP/103/21-22 /27.01.2022<br>ചെലവ് : 180251 (Final Bill)<br>ബിൽ നമ്പർ : 08/22.08.2022 | 100.992kg | 17155.51<br>(@ 169.87/kg) | 15666.58<br>(നിരക്ക് 155.13) | 1489 |

## 3-7 ടോപ്പ് ബെൽറ്റ് കോൺക്രീറ്റിന് അധിക നിരക്ക് നൽകുന്നു.

റോഡ് സൈഡ് സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി ചെയ്യുന്ന കരിങ്കൽ കെട്ടിന് മുകളിൽ ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് 11.44 എന്ന ഉയർന്ന നിരക്കുള്ള കോഡ് അനുവദിച്ചതായി കാണുന്നു. 11.4.3.1 എന്ന് കോഡ് പ്രകാരമുള്ള നിരക്കാണ് കമ്പി ഉപയോഗിക്കാതെ ചെയ്യുന്ന ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് പ്രവൃത്തികൾക്ക്

അനുവദനീയമായിട്ടുള്ളത്. 11.44 എന്ന മോർഡ് ഡാറ്റ കമ്പി ഉപയോഗിച്ചുള്ള വർക്കുകൾക്ക് നൽകുന്ന നിരക്കാണ് എന്ന് ഡാറ്റ വിശകലനത്തിൽ വ്യക്തമാവുന്നു. ഒരു M3 പ്രവൃത്തിയിൽ അടിസ്ഥാന നിരക്കിൽ 193.39 രൂപയുടെ വ്യത്യാസം വരുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു.

104/23 മുള്ളംകണ്ടി റോഡ് സൈഡ് കെട്ടൽ എന്ന പ്രവൃത്തിയുടെ ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് വർക്കിന് ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ 7493.57/m3 നിരക്ക് മാത്രമാണ് നൽകിയിട്ടുള്ളത് എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

ഡാറ്റ വിശകലനം നടത്തേണ്ടതും ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് വർക്കിന് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ നിരക്ക് (11.4.4 കോഡ്) | നൽകാവുന്ന നിരക്ക് ( 11.4.3.1) | അധികം |
|---|---|---|---|---|
| 324/23 മഞ്ചൂറ നമ്പര്യർമൂല റോഡ് സൈഡ് കെട്ടി സംരക്ഷിക്കൽ<br>അടങ്കൽ : 300000 (MGR)<br>നിർവഹണം – അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 111146/2022<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - അഷ്റഫ് . പി<br>കരാർ : AE/lsgd/PP/47/22-23 /13.01.2023<br>ചെലവ് : 298345<br>ബിൽ നമ്പർ : 63/20.03.2023 | 3.215m3 | 27786.34<br>(@ 8642.72/m3) | 26759.83<br>(നിരക്ക് 8323.43/m3) | 1027 |
| 326/23 ചാത്തംകുന്ന് റോഡ് സൈഡ് സംരക്ഷണം<br>അടങ്കൽ : 350000 (MG-NR)<br>നിർവഹണം – അസിസ്റ്റന്റ് എഞ്ചിനീയർ<br>Estimate Id : 75/2023<br>Cost Index 36.44%<br>നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ - ഇസ്മയിൽ .ടി<br>കരാർ : AE/lsgd/PP/98/22-23 /28.02.2023<br>ചെലവ് : 349180<br>ബിൽ നമ്പർ : 110/29.03.2023 | 1.825m3 | 15772.96<br>(@ 8642.72/m3)<br>(അടിസ്ഥാന നിരക്ക് 5235.07/m3) | 15190.26<br>(@ 8323.43/m3)<br>(അടിസ്ഥാന നിരക്ക് 5041.68/m3) | 583 |
| | | | ആകെ | 1610 |

ഓഡിറ്റ് എൻക്വയറി 6/27.10.2023 മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അർഹമായ നിരക്കുകൾ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 19.10.2023 മുതൽ 31.10.2023 വരെ | ഇതേ തീയതിയിലെ ഇതേ നമ്പർ |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | നിലാവ് - മെയിൽ ലൈൻ വലിക്കൽ | 4065200 | 4065200 | 0 |

## 4-3 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിവരം ലഭ്യമാക്കിയ താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| തണൽ ഭവന നിർമ്മാണ പദ്ധതി | 31595/DB1 /14/Lsgd | 2 കോടി | 5714377 | 1800005 | | 3914372 |

ഗ്രാമപഞ്ചായത്തിന്റെ ലോൺ രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ മുതൽ പലിശ എന്നിവ തിരിച്ചുള്ള കൃത്യമായ വിവരം ലഭ്യമല്ല. ലൈഫ് ഭവന പദ്ധതിയുടെ ലോൺ തുക മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 3,60,04,600 രൂപ തിരിച്ചടവാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ലൈഫ് ഭവന പദ്ധതിയുടെ ലോൺ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

## 4-4 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3502778 |
| തൻവർഷം നിക്ഷേപിച്ച തുക | 476557 |
| ആകെ | 3979335 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3979335 |

വാർഷിക കണക്ക് പ്രകാരം വർഷാവസാന നിക്ഷേപ തുക (ബാലൻസ് ഷീറ്റ് B-12 Shedule) 3502778 രൂപയാണ്.

തൽവർഷം ഡേപ്പോസിറ്റ് ചെയ്ത തുക വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വയനാട് ജില്ലാ സഹകരണ ബാങ്ക് | 774540 |
| പടിഞ്ഞാറത്തറ സർവ്വീസ് സഹകരണ ബാങ്ക് | 3204795 |
| ആകെ | 3979335 |

## 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98<br>ഖ. 27 | 2002-03<br>12.8.ii | മണൽലേല തുക ഈടാക്കിയില്ല - ആറ് കടവുകളിൽ നിന്നായി 53,750രൂപ ഈടാക്കിയില്ല | നടപടി തുടരുന്നു |
| 1997-98<br>ഖ. 27 | 2002-03<br>അനുബന്ധം VII | മണൽ വില്പന - ലേലം വരവ് തുക പിരിച്ചെടുക്കാനുള്ള വിമുഖത സംബന്ധിച്ച് | നടപടി തുടരുന്നു |
| 1997-98<br>ഖ. 27 | 2003-04<br>3.12.2 | മണൽലേല തുക ഈടാക്കിയില്ല - ആറ് കടവുകളിൽ നിന്നായി 53,750രൂപ ഈടാക്കിയില്ല | നടപടി തുടരുന്നു |
| 1997-98<br>ഖ .36(2) | 2003-04<br>3.12<br>പൊതുപരാമർശങ്ങൾ | പൊലിയാട് പാടശേഖരത്തിന് ജലസേചന സൗകര്യം ഒരുക്കൽ - പൈപ്പ് സ്ഥാപിക്കുന്നതിന് 9370 രൂപ അധികം നൽകി | നടപടി തുടരുന്നു |
| 1997-98<br>ഖ .37(1) | 2003-04<br>3.12<br>പൊതുപരാമർശങ്ങൾ | സൂപ്പർ വിഷൻ നടത്തൽ , അളവ് എടുക്കൽ , ബിൽ തയ്യാറാക്കൽ എന്നിവയ്ക്ക് എഞ്ചിനീയർക്ക് 15529രൂപ അധികം നൽകി . | നടപടി തുടരുന്നു |
| 1999-00<br>ഖ - 33 | 2003-04<br>3.12<br>പൊതുപരാമർശങ്ങൾ | മാക്കോട്ട് കുന്ന് കോളനി റോഡ് - ടാറിന്റെ വില കുറയ്ക്കാതെ കൺവീനർക്ക് 11677രൂപ അധികം നൽകി | നടപടി തുടരുന്നു |

## 4-6 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 404160 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 404160 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 142400 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 42400 | 0 |

പഞ്ചായത്ത് രേഖാമൂലം നൽകിയ ഫിഗറുകളാണ് മുകളിൽ പരാമർശിച്ചത്. എന്നാൽ ,വാർഷിക കണക്ക് പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്ന് 4367621 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 3413148 രൂപയും ലഭ്യമായിട്ടുണ്ട്. ജോയന്റ്

വെൻജ്വർ പ്രോജക്ടുകളുടെ കണക്കിൽ കൃത്യതയില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹60389119 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 59385386 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹ 3299 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 75662.03/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 697906/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 1-10 | 3299 | | ശ്രീ. സുരേഷ് ബാബു, സെക്രട്ടറി |
| 1-14-5 | | 13822.8 | ശ്രീ. സുരേഷ് ബാബു, സെക്രട്ടറി |
| 1-25 | | 18539.33 | ശ്രീ. മുഹമ്മദ് നബീദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | | 20372.9 | ശ്രീ. മുഹമ്മദ് നബീദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | | 14105 | ശ്രീ. മുഹമ്മദ് നബീദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | | 5723 | ശ്രീ. മുഹമ്മദ് നബീദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | | 1489 | ശ്രീ. മുഹമ്മദ് നബീദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | | 1610 | ശ്രീ. മുഹമ്മദ് നബീദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 75662.03 | |

(സി). തടസ്സപ്പെടുത്തിയ തുക

| ഖണ്ഡികനമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-15 | 86,424 | ഡോ.കിഷോർ, മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| 1-17 | 268660 | ശ്രീ. സാജു പീറ്റർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 40,65,200 | ശ്രീ. സുരേഷ് ബാബു, സെക്രട്ടറി |
| 1-20 | 18,00,000 | ശ്രീ. സിബി വർഗ്ഗീസ്, സെക്രട്ടറി |
| 1-22 | 70928 | ശ്രീമതി. മേരിക്കുട്ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 687849 | ശ്രീ. മുഹമ്മദ് നബീദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 6979061 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസങ്ങള്

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് ബാബു, സെക്രട്ടറി | സെക്രട്ടറി , പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | പുളിഞ്ഞാൽ വീട്, പോരൂർ, വയനാട് – 670644 |
| ശ്രീ. മുഹമ്മദ് നബീദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , അമ്പലവയൽ ഗ്രാമപഞ്ചായത്ത് | കാരക്കുളം വീട്, മുട്ടിൽ പി.ഒ,വയനാട്- 673122 |

| | | |
|---|---|---|
| ശ്രീ. സിബി വർഗ്ഗീസ്, സെക്രട്ടറി | (ഡെപ്യൂട്ടേഷൻ) ഐ.കെ.എം, തിരുവനന്തപുരം. | കുഴത്താനത്ത് വീട്, വാഴവറ്റ പി.ഒ, മുട്ടിൽ വയനാട് –673122 |
| ശ്രീമതി.മേരിക്കുട്ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | കൊമ്പനാൽ വീട്, മാടക്കുന്ന് പി.ഒ, വയനാട്- 673122 |
| ഡോ.കിഷോർ, മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി, പടിഞ്ഞാറത്തറ | മൂത്തേടത്ത് വീട് കാവുമന്ദം പി.ഒ പടിഞ്ഞാറത്തറ വയനാട്-673575 |
| ശ്രീ. സാജു പീറ്റർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | ചെന്നക്കാട്ട് വീട്, കോലഞ്ചേരി എറണാകുളം ജില്ല – 682311 |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഡബ്ല്യൂ. പി.3-487/2022(1), 12.08.2022 | 2 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ. പി.3-487/2022(2), 12.08.2022 | 2 |
| 1999-00 | എൽ.എഫ്.ഡബ്ല്യൂ. പി.3-487/2022(3), 12.08.2022(5) | 5 |
| 2008-09 | എൽ.എഫ്.ഡബ്ല്യൂ. പി.3-487/2022(13), 12.08.2022 | 5 |
| 2009-10 | എൽ.എഫ്.ഡബ്ല്യൂ. പി.3-487/2022(14), 12.08.2022 | 15 |
| 2010-11 | എൽ.എഫ്.ഡബ്ല്യൂ. പി.1-9/13 തീ. 3.4.2014 | 30 |
| 2011-12 | എൽ.എഫ്.ഡബ്ല്യൂ. പി.1-257/14 തീ. 13.05.15 (1) | 20 |
| 2012-13 | എൽ.എഫ്.ഡബ്ല്യൂ. പി.2-719/15 തീ. 10.12.15 | 17 |
| 2013-14 | എൽ.എഫ്.ഡബ്ല്യൂ.പി.2-134/16 തീ. 21.4.2018 | 29 |
| 2014-15 | എൽ.എഫ്.ഡബ്ല്യൂ.പി.2-431/16 തീ. 28.12.2017 | 25 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി2-864/16 തിയ്യതി 7/6/2018 | 14 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2-602/2017/25.5.2018 | 57 |
| 2017-18 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2- 7/2019 /03.05.2019 | 26 |
| 2018-19 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി2-999/2019 /05-06-2020 | 24 |
| 2019-20 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി3-586/21, 23.05.2022 | 45 |
| 2020-21 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി3-587/22, 18.06.2022 | 41 |
| 2021-22 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി2-1025/23/ 23.01.2023 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 23-06-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Padinjarathara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Padinjarathara Grama Panchayat for the year 2022-2023

**Date: 05/12/2023**

**Deputy Director**
**District Office Wayanad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Padinjarathara Grama Panchayat for the Year 2022-2023 .

**1.Major Observations**

Asset register not updated

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit. Eg. Ratios
2.Schedules of the following financial statements are not submitted. Eg. B1- Schedule
3.Cash flow statement âÂÂ Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivqlents
4.Demand registers does not match with Financial statement. Eg . DCB register in Sanchaya does not match with AFS
5.The following registers are not maintained
Profession tax InstitotionRegister , Auction register, Tender form register
6.Supporting vouchers not maintained for prior period incomes

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

# Abstract of Annual Financial Statements

**Padinjarathara Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 36072070.50 |
| Cash | Cash | RP-40(a) | 325280.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1404790.00 |
| 130000000 | Rental income from Panchayat Properties | RP-3 | 23630.00 |
| 140000000 | Fees & User Charges | RP-4 | 1147857.00 |
| 150000000 | Sale & Hire Charges | RP-5 | 656036.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12997000.00 |
| 171000000 | Interest Earned | RP-9 | 920243.00 |
| 190000000 | Prior Period Income | RP-11 | 47970.00 |
| 210000000 | Establishment Expenses | RP-12 | 1455.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 0.0 |
| 311000000 | Earmarked Funds | RP-28 | 292.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24571893.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 15971509.00 |
| 460000000 | Loans, Advances and Deposits | RP-49 | 28000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 48.00 |
| 340000000 | Deposits Received | RP-33 | 557920.00 |
| 350000000 | Other Liabilities | RP-35 | 2060476.00 |
| | **Grand total** | | **193572939.00** |
| | **PAYMENTS** | | |
| | **Operating** | | |
| 230000000 | Operations & Maintenance | RP-14 | 15536.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 50161.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 7045.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6182339.00 |
| 460000000 | Loans, Advances and Deposits | RP-49 | 194000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 508403.00 |



Digitally signed by SURES
Date: 2023.06.23 16:19:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 52427902.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 37401083.50 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **193572939.00** |

## Padinjarathara Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8319560.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3047472.00 |
| 140000000 | Fee & User Charges | I-4 | 1604487.00 |
| 150000000 | Sale & Hire Charges | I-5 | 656036.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 181264079.00 |
| 170000000 | Income from Investments | I-7 | 177759.00 |
| 171000000 | Interest Earned | I-8 | 920243.00 |
| 180000000 | Other Income | I-9 | 1920750.00 |
| 190000000 | Prior Period Income | I-19 | -25649.00 |
| | **Total Income** | | **395820772.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13333397.00 |
| 220000000 | Administrative Expenses | I-11 | 1382354.00 |
| 230000000 | Operations & Maintenance | I-12 | 2917334.00 |
| 240000000 | Interest & Finance Charges | I-13 | 689.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8812784.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 56589581.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11620824.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 40187600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 55428453.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by SURES
Date: 2023.06.23 16:19:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 6663613.00 |
| | **Total Expenditure** | | **393873258.00** |
| | **Gross Surplus / Deficit of income over Expenditure** | | **1947514.00** |
| | **Gross Surplus / Deficit of income over Expenditure** | | **1805627.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 167536.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **141887.00** |

## Padinjarathara Grama Panchayat
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 26386241.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11992.00 |
| 312000000 | Reserves | B-3 | 113184277.00 |
| | **Total Reserve & Surplus** | | **279165020.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21804031.00 |
| | **Total Grants, Contributions for Specific Purposes** | | **43608062.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 33885546.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **67771092.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2084028.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3151516.35 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **10471088.70** |
| | **TOTAL LIABILITIES** | | **401015263.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 4415148.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2732612.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 22757048.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 111577549.00 |
| 416000000 | Accumulated Depreciation | B-11(a) | -28495515.00 |
| | **Total Fixed Assets** | | **225973684.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 3502778.00 |



Digitally signed by SURES
Date: 2023.06.23 16:18:5
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **7005556.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6332339.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 33885546.00 |
| 450000000 | Cash and Bank Balance | B-17 | 37401083.50 |
| 460000000 | Loans, Advances and Deposits | B-18 | 6399043.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **168036023.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **401015263.00** |



Deputy Director
District Audit Office, Wayanad